2025
DECEMBER
23
TUESDAY

www.societytodaynews.com
സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper




# ഇന്ത്യയുടെ ചബഹാറിലേക്ക് ട്രെയിൻ സർവീസ് നീട്ടാൻ റഷ്യ

**ന്യൂഡൽഹി:** ഇന്ത്യയുടെ നിയന്ത്രണത്തിൽ ഇറാനിലുള്ള ചബഹാർ തുറമുഖത്തേക്ക് പങ്കാളിത്തത്തിന്റെ കണ്ണെറിഞ്ഞ് റഷ്യ. ഇറാനുമേൽ യുഎസ് പ്രഖ്യാപിച്ച ഉപരോധം അടുത്തിടെ ട്രംപ് ഭരണകൂടം ചബഹാറിനും ബാധകമാക്കിയത് ഇന്ത്യയ്ക്ക് തിരിച്ചടിയായിരുന്നു. ഇന്ത്യയുടെ ആവശ്യം പരിഗണിച്ച് പിന്നീട് യുഎസ് ഉപരോധം 2026ന്റെ തുടക്കത്തിലേക്കുവരെ മരവിപ്പിക്കുന്നതായി പ്രഖ്യാപിച്ചിരുന്നു. ചബഹാറിലേക്ക് റഷ്യയും രംഗപ്രവേശനം നടത്തുന്നത് യുഎസിനും പാക്കിസ്ഥാനും ഒരുപോലെ വെല്ലുവിളിയാകും.

പാക്കിസ്ഥാനെ ആശ്രയിക്കാതെ ഇറാൻ, അഫ്ഗാനിസ്ഥാൻ, തുർക്ക്മെനിസ്ഥാൻ, കിർഗിസ്ഥാൻ, ഉസ്ബെക്കിസ്ഥാൻ, താജിക്കിസ്ഥാൻ, റഷ്യ എന്നിവിടങ്ങളിലേക്കും ഈ രാഷ്ട്രങ്ങളിലൂടെ യൂറോപ്പിലേക്കും കടന്നുചെല്ലാനുള്ള ഇന്ത്യയുടെ തുറുപ്പുചീട്ടാണ് ചബഹാർ. അതേസമയം, ചബഹാറിന് സമീപത്ത് ചൈനീസ് നിയന്ത്രണത്തിലും നിക്ഷേപത്തിലും പാക്കിസ്ഥാൻ ഗ്വാദർ തുറമുഖവും സജ്ജമാക്കുന്നുണ്ട്. ഇതിനിടെ. ചബഹാറിൽ റഷ്യയുടെ പിന്തുണകൂടി ലഭിച്ചാൽ ഇന്ത്യയ്ക്ക് അതുവലിയ കരുത്താകും. നിലവിൽ റഷ്യയിൽ നിന്ന് ഇറാനിലേക്ക് നീളുന്ന നോർത്ത് സൗത്ത് ചരക്കുനീക്ക ഇടനാഴിയുണ്ട് (ഐഎൻഎസ്ടിസി). ഈ ദീർഘദൂര റെയിൽ പദ്ധതിയെ ചബഹാറുമായി ബന്ധിപ്പിക്കാനാണ് റഷ്യയുടെ നീക്കം. ഇത് ചബഹാറിൽ ഇന്ത്യയുടെ പ്രവർത്തനലക്ഷ്യങ്ങൾക്ക് കൂടുതൽ കരുത്താകും. ചബഹാറിൽ നിന്ന് ഐഎൻഎസ്ടിസി വഴി ഇന്ത്യയ്ക്ക് മധ്യേഷ്യയിലേക്കും യൂറോപ്പിലേക്കും അനായാസം കടന്നുചെല്ലാൻ കഴിയും.



അതിർത്തി സംഘർഷത്തിന്റെ പേരിൽ പാക്കിസ്ഥാനുമായി തെറ്റിപ്പിരിഞ്ഞ അഫ്ഗാൻ ഭരണകൂടം ചരക്കുനീക്കത്തിനായി ഇപ്പോൾ പ്രധാനമായും ഇന്ത്യയെയും ഇറാനെയുമാണ് ഉറ്റുനോക്കുന്നത്. അഫ്ഗാനിൽ നിന്ന് ഏറെ അടുത്താണ് ചബഹാർ എന്നത്, താലിബാൻ ഭരണകൂടത്തിനും നേട്ടമാകും.

ചൈനയെ ഉന്നമിട്ട് പാക്കിസ്ഥാനിൽ സൈനിക താവളം സ്ഥാപിക്കാൻ അമേരിക്ക ഒരുങ്ങുന്നുവെന്ന ആരോപണവുമായി അടുത്തിടെ ഇറാൻ രംഗത്തുവന്നിരുന്നു. ഇതാകട്ടെ, ചബഹാറിനും പാക്കിസ്ഥാനിൽ ചൈനയുടെ നിയന്ത്രണത്തിലുള്ള ഗ്വാദർ തുറമുഖത്തിനും സമീപത്താണ്. പാക്കിസ്ഥാനാണ് ഇതിന് ഒത്താശ ചെയ്യുന്നതെന്നും ഇറാൻ ആരോപിച്ചിരുന്നു. മേഖലയിൽ വ്യാപാര, വാണിജ്യ, ഊർജ മേഖലകളിൽ ചൈനയ്ക്കുള്ള ആധിപത്യത്തിന് തടയിടുകയാണ് സൈനിക താവളം ഒരുക്കുന്നതിലൂടെ അമേരിക്ക ഉന്നമിടുന്നതെന്ന ആരോപണവും ഇറാൻ ഉയർത്തിയിരുന്നു. പാക്കിസ്ഥാനിൽ യുഎസ് സൈനികതാവളം വരുന്നത് ഇറാനും തിരിച്ചടിയാണ്.

ദക്ഷിണ ഇറാനിലെ സിസ്താൻബലോചിസ്ഥാൻ പ്രവിശ്യയിലാണ് ചബഹാർ തുറമുഖം. ഇന്ത്യ വൻതോതിൽ നിക്ഷേപവും സാങ്കേതികപിന്തുണയും നൽകി നിർമിച്ചതാണിത്. തുറമുഖ വികസനത്തിന് 120 മില്യൻ ഡോളറിന്റെ നിക്ഷേപവും അടിസ്ഥാന സൗകര്യ പദ്ധതികൾ ഒരുക്കാൻ 250 മില്യൻ ഡോളറിന്റെ വായ്പയും ഇന്ത്യ ഉറപ്പുവരുത്തിയിട്ടുണ്ട്. 2024–25ൽ ഇന്ത്യ 100 കോടി രൂപ വായ്പയും ചബഹാറിന് അനുവദിച്ചിരുന്നു. ചബഹാറിൽ നിന്ന് ഇറാന്റെ ഹൃദയഭാഗത്തുകൂടി കടന്നുപോകും വിധം 700 കിലോമീറ്റർ ദൈർഘ്യമുള്ള റെയിൽപ്പാതയും നിർമിക്കുന്നുണ്ട്. ഇതുമായാണ് റഷ്യ-ഇറാൻ ചരക്കുനീക്ക ഇടനാഴി ബന്ധിപ്പിക്കുക.



## ഇന്ത്യയും ന്യൂസിലൻഡും സ്വതന്ത്ര വ്യാപാര കരാറിൽ ഒപ്പുവെച്ചു

**ന്യൂഡൽഹി:** ഇന്ത്യയും ന്യൂസിലൻഡും നിർണായക സ്വതന്ത്ര വ്യാപാര കരാറിൽ (FTA) ഒപ്പുവെച്ചു. ഇരുരാജ്യങ്ങൾക്കിടയിലുള്ള സാമ്പത്തികബന്ധം ഗണ്യമായി വർധിപ്പിക്കാനും വ്യാപാരം, നിക്ഷേപം, സഹകരണം എന്നിവ മെച്ചപ്പെടുത്താനും കരാർ സഹായകമാകുമെന്നാണ് വിലയിരുത്തൽ. പ്രതീക്ഷാനിർഭരവും പരസ്പരപ്രയോജനകരവമായത് എന്ന് ഇരുരാജ്യങ്ങളും കരാറിനെ വിശേഷിപ്പിച്ചു. വിപണി പ്രവേശനം വർധിപ്പിക്കാനും നിക്ഷേപ പ്രവാഹങ്ങൾ പ്രോത്സാഹിപ്പിക്കാനും തന്ത്രപരമായ സഹകരണം ശക്തിപ്പെടുത്താനും വിവിധ മേഖലകളിലെ വ്യാപാരം, കർഷകർ, സംരംഭകർ, വിദ്യാർഥികൾ, യുവജനങ്ങൾ തുടങ്ങിയ പുതിയ അവസരങ്ങൾ സൃഷ്ടിക്കാനും സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

2025 മാർച്ചിൽ ന്യൂസിലൻഡ് പ്രധാനമന്ത്രി ക്രിസ്റ്റഫർ ലക്സൺ ഇന്ത്യ സന്ദർശിച്ചപ്പോഴാണ് എഫ്ടിഎയുടെ ചർച്ചകൾ ആരംഭിച്ചത്. ഒമ്പത് മാസത്തെ റെക്കോഡ് കാലയളവിനുള്ളിലാണ് കരാർ പൂർത്തിയായത്. കരാറിന്റെ അടിത്തറയിൽ അഞ്ച് വർഷത്തിനുള്ളിൽ ഇരുരാജ്യങ്ങളും തമ്മിലുള്ള വ്യാപാരം ഇരട്ടിയാകുമെന്ന് ഇരുരാജ്യങ്ങളും ആത്മവിശ്വാസം പ്രകടിപ്പിച്ചു. അടുത്ത 15 വർഷത്തിനുള്ളിൽ ന്യൂസിലാൻഡ് ഇന്ത്യയിൽ 20 ബില്യൺ ഡോളർ നിക്ഷേപം നടത്തുമെന്നും പ്രതീക്ഷിക്കുന്നു.

പ്രതിരോധം, കായികം, വിദ്യാഭ്യാസം, ജനങ്ങൾ തമ്മിലുള്ള ബന്ധങ്ങൾ എന്നിവ ഉൾപ്പെടെയുള്ള മറ്റ് മേഖലകളിലെ സഹകരണത്തിലെ പുരോഗതിയെ ഇരുപക്ഷവും സ്വാഗതം ചെയ്യുകയും മൊത്തത്തിലുള്ള പങ്കാളിത്തം ശക്തിപ്പെടുത്താനുള്ള അവരുടെ പ്രതിബദ്ധത വീണ്ടും ഉറപ്പിക്കുകയും ചെയ്തു. പ്രധാനമന്ത്രി നരേന്ദ്ര മോദിയും ന്യൂസിലൻഡ് പ്രധാനമന്ത്രി ക്രിസ്റ്റഫർ ലക്സണും തമ്മിൽ നടന്ന ടെലിഫോയ്തു.

## കുതിച്ചുയർന്ന് വിമാനനിരക്ക്

**ദുബായ്:** അവധിക്കാലം തുടങ്ങിയതോടെ ഗൾഫിൽ നിന്നു നാട്ടിലേക്കും തിരിച്ചുമുള്ള വിമാനനിരക്ക് വീണ്ടും കുതിച്ചുയർന്നു. ക്രിസ്മസ് അവധിക്കു നാട്ടിൽ പോയി മടങ്ങാൻ ഒരാൾക്ക് 61,000-74,100 രൂപ വരെ വേണ്ടിവരും. 4 പേരടങ്ങുന്ന കുടുംബത്തിന്റെ യാത്രയ്ക്കു 3 ലക്ഷം രൂപവരെയാണ് ഈടാക്കുന്നത്.

യാത്ര വിദേശക്കമ്പനികളുടെ വിമാനങ്ങളിലാണെങ്കിൽ കൂടുതൽ ചാർജ് നൽകേണ്ടിവരും. രാജ്യത്തെ മറ്റു സംസ്ഥാനങ്ങളിലേക്കുള്ള നിരക്കും കൂടുതലാണ്.




# ബംഗ്ലാദേശിലെ വാണിജ്യ–വ്യവസായ മേഖലകൾ സ്തംഭിച്ചു: കനത്ത പ്രതിസന്ധി

**ധാക്ക:** രാഷ്ട്രീയ അസ്ഥിരതയും ഇന്ത്യാ വിരുദ്ധ പ്രക്ഷോഭവും കത്തിപ്പടർന്ന ബംഗ്ലാദേശിന് സെൽഫ് ഗോൾ ആയി സ്വന്തം നിലപാട്. ഇന്ത്യയ്ക്കെതിരെ പ്രതിഷേധിക്കാൻ തെരുവിലിറങ്ങിയവർ ഫലത്തിൽ തീയിട്ടത് സ്വന്തം രാജ്യത്തിന്റെ സമ്പദ്വ്യവസ്ഥയ്ക്ക്.

വാണിജ്യവ്യവസായ മേഖലകൾ ഏറക്കുറെ സ്തംഭിച്ചു. ബംഗ്ലദേശിന്റെ പ്രധാന വ്യവസായവും രാജ്യത്ത് ഏറ്റവുമധികംപേർ തൊഴിലെടുക്കുന്ന മേഖലയും കയറ്റുമതിയുടെ നട്ടെല്ലുമായ വസ്ത്ര നിർമാണ മേഖല കനത്ത പ്രതിസന്ധിയിലായി. ഉൽപാദിപ്പിച്ച തുണിത്തരങ്ങളെല്ലാം കയറ്റുമതി ചെയ്യാനാവാതെ കെട്ടിക്കിടപ്പാണ്.

കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ ശരാശരി 67 ശതമാനം ജിഡിപി വളർച്ച രേഖപ്പെടുത്തിയ സാമ്പത്തിക മേഖലയുടെ നെടുംതൂണായിരുന്നു വസ്ത്ര കയറ്റുമതി. ഈ രംഗത്ത് ഇന്ത്യ പോലും ബംഗ്ലദേശിന് പിന്നിലായിരുന്നു. എന്നാൽ, ഇന്ത്യയെ പ്രകോപിപ്പിക്കാൻ പുറപ്പെട്ട ബംഗ്ലദേശ് സ്വയം എരിഞ്ഞുകത്തി തുടങ്ങിയതു ഇപ്പോൾ ഇന്ത്യയിലെ വസ്ത്ര കയറ്റുമതി കമ്പനികൾക്ക് നേട്ടവുമാകുന്നുണ്ട്. തുടർച്ചയായ പ്രക്ഷോഭങ്ങൾമൂലം ബംഗ്ലദേശിലേക്ക് വിദേശ നിക്ഷേപത്തിന്റെ ഒഴുക്കും നിലച്ചു. രാഷ്ട്രരൂപീകരണം മുതൽ കൂടെനിന്ന ഇന്ത്യയുമായാണ് ബംഗ്ലദേശ് ഇപ്പോൾ തെറ്റിപ്പിരിഞ്ഞത്. സുരക്ഷാ കാരണങ്ങളാൽ ബംഗ്ലദേശിലെ വീസാ ആപ്ലിക്കേഷൻ സെന്ററുകൾ ഇന്ത്യ അടച്ചു.

റെഡിമെയ്ഡ് വസ്ത്രങ്ങളുടെ ലോകത്തെ രണ്ടാമത്തെ വലിയ നിർമാതാക്കളാണ് ബംഗ്ലദേശ്. കഴിഞ്ഞ വർഷം വസ്ത്ര കയറ്റുമതിയിലൂടെ നേടിയത് 38.48 ബില്യൻ ഡോളറാണെന്ന് (ഏകദേശം 3.4 ലക്ഷം കോടി രൂപ) ബംഗ്ലാദേശ് ഇൻവെസ്റ്റ്മെന്റ് അതോറിറ്റി പറയുന്നു. സംഘർഷങ്ങളെ തുടർന്ന് ഗാസിപ്പൂർ, സവാർ, നാരായണഗഞ്ച് എന്നിവിടങ്ങളിലെ പ്രധാന ഫാക്ടറികളെല്ലാം അടച്ചു.

സുരക്ഷാ ഭീഷണിയെ തുടർന്നാണ് നടപടിയെന്ന് ഫാക്ടറി ഉടമകൾ പറയുന്നു. മറ്റ് സ്ഥലങ്ങളിലെ ഫാക്ടറികളും മുൻകരുതലിന്റെ ഭാഗമായി അടച്ചിടുകയോ പ്രവർത്തനം കുറക്കുകയോ ചെയ്തിട്ടുണ്ട്. ധാക്കയ്ക്ക് പുറത്തുള്ള പെട്രോൾ പമ്പുകളും ഗതാഗത കമ്പനികളും രാത്രികാലങ്ങളിൽ പ്രവർത്തിക്കാൻ തയ്യാറാകുന്നില്ല. ഇതോടെ ഉത്പാദിപ്പിച്ച വസ്ത്രങ്ങളുടെ കയറ്റുമതിയും കെട്ടിക്കിടക്കുകയാണ്.

രാജ്യത്തെ ചെറുകിട സംരംഭങ്ങൾ ഉത്പാദിപ്പിക്കുന്ന തുകൽപ്ലാസ്റ്റിക് ഉത്പന്നങ്ങളുടെ കയറ്റുമതിയും നിലച്ചു. തുറമുഖങ്ങളിലെ അനിശ്ചിതത്വവും തൊഴിലാളി ക്ഷാമവുമാണ് പ്രധാന കാരണം.

കരമാർഗത്തിലൂടെ എത്തിക്കുന്ന ചരക്കുകൾ ഇന്ത്യയിലെ തുറമുഖങ്ങൾ വഴി ട്രാൻസ്ഷിപ്പ്മെന്റ് ചെയ്യാനുള്ള അനുമതി അടുത്തിടെ ഇന്ത്യ പിൻവലിച്ചിരുന്നു. പ്രതിസന്ധിയ്ക്ക് പരിഹാരമായില്ലെങ്കിൽ രാജ്യാന്തര കമ്പനികളുടെ ഓർഡറുകൾ നഷ്ടമാകുമോയെന്നാണ് ഇപ്പോൾ വ്യാപാരികളുടെ ഭയം. വിശ്വസിക്കാവുന്ന പങ്കാളിയെന്ന ബംഗ്ലദേശിന്റെ നല്ലപേരിന് കോട്ടമുണ്ടായെന്ന ആശങ്ക വ്യാപാരികൾക്കുണ്ട്.രാത്രികാലങ്ങളിൽ സംഘർഷം രൂക്ഷമാകുമെന്ന മുന്നറിയിപ്പിനെ തുടർന്ന് ബംഗ്ലദേശിലെ മിക്ക നഗരങ്ങളിലും ഷോപ്പിങ് മാളുകളും വ്യാപാര കേന്ദ്രങ്ങളും നേരത്തെ പ്രവർത്തനം അവസാനിപ്പിക്കുകയാണ്. രാത്രികാലങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ കച്ചവടവും കുറഞ്ഞു.

കഴിഞ്ഞവർഷം രാഷ്ട്രീയ സംഘർഷങ്ങളെ തുടർന്ന് ബംഗ്ലദേശ് സാമ്പത്തിക മേഖല വലിയ തകർച്ച നേരിട്ടിരുന്നു. നടപ്പുസാമ്പത്തിക വർഷത്തെ ജിഡിപി വളർച്ച 4.9 ശതമാനമായിരിക്കുമെന്നാണ് രാജ്യാന്തര നാണയ നിധിയുടെ (ഐഎംഎഫ്) പ്രവചനം. ആദ്യ പ്രവചനത്തേക്കാൾ കുറവാണിത്. വളർച്ച ഇതിലും കുറഞ്ഞ് 3.3 ശതമാനത്തിലെത്തുമെന്നാണ് ലോകബാങ്കിന്റെ കണക്കുകൂട്ടൽ. അങ്ങനെയെങ്കിൽ അത് 36 വർഷത്തെ ഏറ്റവും മോശം വളർച്ചയായിരിക്കും.

സൊസൈറ്റി ടുഡേ
SOCIETY TODAY



# കൊച്ചിയിൽ യു.ഐ.ഡി.എ.ഐ പുതിയ ആധാർ സേവാ കേന്ദ്രം തുറന്നു

**കൊച്ചി:** നഗരത്തിലെ പൗര കേന്ദ്രീകൃത ആധാർ സേവനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള മറ്റൊരു സുപ്രധാന ചുവടുവെയ്പ്പായി, യൂണിക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യ, എറണാകുളത്തെ കച്ചേരിപ്പടിയിൽ പുതിയ യു.ഐ.ഡി.എ.ഐ ആധാർ സേവാ കേന്ദ്രം തുറന്നു.

യൂണിക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യയുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ സുരക്ഷിതവും, നിലവാരമുള്ളതും, ഉയർന്ന ഗുണമേന്മയുള്ളതുമായ ആധാർ സേവനങ്ങൾ നൽകുന്നതിനായി സ്ഥാപിച്ചിട്ടുള്ള യു.ഐ.ഡി.എ.ഐ നടത്തുന്ന ഔദ്യോഗിക കേന്ദ്രമാണ് ആധാർ സേവാ കേന്ദ്രം. ആധാർ എൻറോൾമെന്റ്, ഡെമോഗ്രാഫിക് ബയോമെട്രിക് പുതുക്കലുകൾ, തെറ്റുകൾ തിരുത്തൽ, പരാതി പരിഹാരം, ആധാർ സ്റ്റാറ്റസ് പരിശോധിക്കൽ തുടങ്ങിയ എല്ലാ സേവനങ്ങളും ഒരു മേൽക്കൂരയ്ക്ക് കീഴിൽ ലഭ്യമാക്കുന്നതിലൂടെ പൗരന്മാർക്ക് മികച്ച അനുഭവം ഈ കേന്ദ്രം ഉറപ്പാക്കുന്നു. എറണാകുളം ജില്ലാ കളക്ടർ ജി. പ്രിയങ്ക ആധാർ സേവാ കേന്ദ്രം ഉദ്ഘാടനം ചെയ്തു.

ആധാർ സേവാ കേന്ദ്രം ജില്ലാ ഭരണകൂടത്തിന് വലിയ പിന്തുണ നൽകുന്നതിനോടൊപ്പം സേവന വിതരണത്തെ വളരെയധികം ശക്തിപ്പെടുത്തുമെന്നും കളക്ടർ കൂട്ടിച്ചേർത്തു. വീൽചെയർ പ്രവേശന സൗകര്യം, കുടിവെള്ളം, സൗകര്യപ്രദമായ ഇരിപ്പിടങ്ങൾ, സേവന നിരക്കുകളുടെ സുതാര്യമായ പ്രദർശനം എന്നിവ ഉൾക്കൊള്ളുന്ന കേന്ദ്രത്തിലെ ആധുനികവും ആസൂത്രിതവുമായ അടിസ്ഥാന സൗകര്യങ്ങൾ അഭിനന്ദനാർഹമാണ്.

ബംഗളൂരുവിലെ തന്റെ ഐടി മേഖലയിലുള്ള ഔദ്യോഗിക അനുഭവങ്ങൾ അനുസ്മരിച്ചുകൊണ്ട്, കേരളത്തിലുടനീളം മാതൃകയാക്കാവുന്ന ഒന്നാണിതെന്നും ജില്ലാ കലക്ടർ പറഞ്ഞു.

യു.ഐ.ഡി.എ.ഐ യുടെ ബെംഗളൂരു റീജിയണൽ ഓഫീസ് ഡെപ്യൂട്ടി ഡയറക്ടർ ജനറൽ വി. ആനി ജോയ്സ്, തിരുവനന്തപുരം യു.ഐ.ഡി.എ.ഐ സ്റ്റേറ്റ് ഓഫീസ് ഡയറക്ടർ വിനോദ് ജേക്കബ് ജോൺ, , യു.ഐ.ഡി.എ.ഐ ഉദ്യോഗസ്ഥർ, ജില്ലാ ഭരണകൂട പ്രതിനിധികൾ, പ്രസ് ഇൻഫർമേഷൻ ബ്യൂറോ ഉദ്യോഗസ്ഥർ, ആധാർ സേവാ കേന്ദ്രത്തിലെ ജീവനക്കാർ, സർവീസ് പ്രൊവൈഡർ സ്ഥാപനമായ മെസേഴ്സ് പ്രോട്ടീൻ പ്രതിനിധികൾ തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു.

# സിബിഎൽ അഞ്ചാം സീസൺ: മറൈൻ ഡ്രൈവ് മത്സരം ഡിസംബർ 30 ന്

**കൊച്ചി:** സംസ്ഥാന ടൂറിസം വകുപ്പ് സംഘടിപ്പിക്കുന്ന ചുണ്ടൻ വള്ളങ്ങളുടെ ഐപിഎൽ മാതൃകയിലുള്ള ലീഗ് മത്സരമായ ചാമ്പ്യൻസ് ബോട്ട് ലീഗ് അഞ്ചാം സീസണിലെ കൊച്ചി മറൈൻ ഡ്രൈവിലെ മത്സരം ഡിസംബർ 30 ന് നടക്കും.

വില്ലേജ് ബോട്ട് ക്ലബ് തുഴയുന്ന വീയപുരം ചുണ്ടൻ 90 പോയിന്റുമായി ഒന്നാം സ്ഥാനത്തുണ്ട്. 77 പോയിന്റുമായി പള്ളാത്തുരുത്തി ബോട്ട് ക്ലബ് തുഴയുന്ന മേൽപ്പാടം ചുണ്ടനാണ് രണ്ടാം സ്ഥാനത്ത്. കഴിഞ്ഞ നാല് സീസണിലെയും ചാമ്പ്യന്മാരാണ് പള്ളാത്തുരുത്തി ബോട്ട് ക്ലബ്. 66 പോയിന്റ് വീതം നേടി നിരണം ബോട്ട് ക്ലബ് തുഴയുന്ന നിരണം ചുണ്ടനും പുന്നമട ബോട്ട് ക്ലൂബ് തുഴയുന്ന നടുഭാഗം ചുണ്ടനുമാണ് മൂന്നാം സ്ഥാനം പങ്കിടുന്നത്. നടുവിലേപറമ്പൻ(ഇമ്മാനുവേൽ ബോട്ട് ക്ലബ്) നാല്, കാരിച്ചാൽ (കാരിച്ചാൽ ചുണ്ടൻ ബോട്ട് ക്ലബ്കെസിബിസി) അഞ്ച്, ചെറുതന (തെക്കേക്കര ബോട്ട് ക്ലബ്) ആറ്, പായിപ്പാടൻ (കുമരകം ടൗൺ ബോട്ട് ക്ലബ്) ഏഴ്, ചമ്പക്കുളം (ചങ്ങനാശേരി ബോട്ട് ക്ലബ്) എട്ട് എന്നിങ്ങനെയാണ് ബാക്കി പോയിന്റ് നില. ഒക്ടോബർ 17നായിരുന്നു മറൈൻ ഡ്രൈവിലെ മത്സരം നടത്താൻ നേരത്തെ തീരുമാനിച്ചിരുന്നത്.

സാങ്കേതിക കാരണങ്ങളെത്തുടർന്നാണ് മത്സരം മാറ്റിവച്ചത്. ഡിസംബർ 30 ന് നടക്കുന്ന മത്സരങ്ങൾ മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്യും. എറണാകുളം എം.എൽ.എ ടി. ജെ വിനോദ് അധ്യക്ഷനാകും. ഇന്ന് വിപുലമായ സംഘാടക സമിതി യോഗം ചേർന്ന് ഒരുക്കങ്ങൾ വിലയിരുത്തും. ഒമ്പത് ചുണ്ടൻ വള്ളങ്ങൾ മാറ്റുരയ്ക്കുന്ന സിബിഎൽ മത്സരം നഗരത്തിലെ ക്രിസ്തുമസ്,പുതുവത്സരാഘോഷങ്ങൾക്ക് മാറ്റു കൂട്ടുമെന്ന് സംഘാടകർ അറിയിച്ചു. ഫൈനൽ മത്സരങ്ങൾ കൊല്ലം പ്രസിഡന്റ്സ് ട്രോഫിയോടെയാണ് നടക്കുന്നത്. അഞ്ചാം സീസണിലെ ജേതാവിനുള്ള ചാമ്പ്യൻഷിപ്പും അന്ന് സമ്മാനിക്കും.

ചാമ്പ്യൻഷിപ്പിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കുന്ന ക്ലബിന് 25 ലക്ഷവും രണ്ടാം സ്ഥാനം നേടുന്നവർക്ക് 15 ലക്ഷവും മൂന്നാം സ്ഥാനത്തെത്തുന്ന ക്ലബിന് 10 ലക്ഷം രൂപയും സമ്മാനമായി ലഭിക്കും. ഓരോ മത്സരവേദികളിലും വിജയികളാകുന്നവരിൽ ഒന്നാം സ്ഥാനക്കാർക്ക് അഞ്ച് ലക്ഷം രൂപയും രണ്ടാം സ്ഥാനക്കാർക്ക് മൂന്ന് ലക്ഷവും മൂന്നാം സ്ഥാനക്കാർക്ക് ഒരു ലക്ഷം രൂപയും ലഭിക്കും. ബോണസായി ഓരോ ടീമിനും നാല് ലക്ഷം രൂപ വീതവും നീക്കിവച്ചിട്ടുണ്ട്.

# മരട് നഗരസഭക്ക് 33.5 കോടി നീക്കിയിരിപ്പ്

**കൊച്ചി:** മരട് നഗരസഭയ്ക്ക് 33.5 കോടി രൂപയുടെ സാമ്പത്തിക നീക്കിയിരിപ്പുണ്ടെന്ന് സ്ഥാനമൊഴിയുന്ന നഗരസഭ ചെയർമാൻ ആന്റണി ആശാൻ പറമ്പിൽ വാർത്ത സമ്മേളനത്തിൽ അറിയിച്ചു. അടിസ്ഥാന സൗകര്യ വികസനം, കുടിവെള്ള പദ്ധതികൾ, റോഡ് നവീകരണം, ശുചിത്വ പ്രവർത്തനങ്ങൾ, സാമൂഹ്യ സുരക്ഷാ പദ്ധതികൾ എന്നീ മേഖലകളിൽ ശ്രദ്ധേയമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞു. സർക്കാർ സഹായങ്ങളും വിവിധ ഏജൻസികളിൽ നിന്നുള്ള ഫണ്ടുകളും കാര്യക്ഷമമായി വിനിയോഗിച്ചതിലൂടെയാണ് നഗരസഭയ്ക്ക് സാമ്പത്തിക സുസ്ഥിരത കൈവരിക്കാനായത്. ഈ നീക്കിയിരിപ്പ് വരും ഭരണസമിതിക്ക് വികസന പ്രവർത്തനങ്ങൾ തടസ്സമില്ലാതെ മുന്നോട്ട് കൊണ്ടുപോകാൻ സഹായകരമാകും. പുരോഗതിക്കായി കക്ഷിരാഷ്ട്രീയ ഭേദമന്യേ ഐക്യത്തോടെ പ്രവർത്തിക്കാൻ സാധിച്ചതാണ് വിജയമെന്നും, ഇതിനായി പിന്തുണ നൽകിയ കൗൺസിലർമാർ, ഉദ്യോഗസ്ഥർ, പൊതുജനങ്ങൾ, സാംസ്കാരിക,രാഷ്ട്രീയ പ്രവർത്തകർ എന്നിവർക്ക് അദ്ദേഹം നന്ദി രേഖപ്പെടുത്തി. പുതിയ ഭരണസമിതി നഗരസഭയുടെ വികസന പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി മുന്നോട്ട് കൊണ്ടുപോകുമെന്ന പ്രതീക്ഷയും ചെയർമാൻ പങ്കുവെച്ചു.

# ക്രിസ്തുമസ് പുതുവത്സര ആഘോഷം; ഹാൻവീവിൽ കൈത്തറി വസ്ത്രങ്ങൾക്ക് റിബേറ്റ്

**കൊച്ചി:** സംസ്ഥാന കൈത്തറി വികസന കോർപ്പറേഷൻ ക്രിസ്തുമസ് പുതുവത്സര ആഘോഷവേളയിൽ ഹാൻവീവ് ഷോറൂം മുഖേന ഡിസംബർ 24 വരെ 20 ശതമാനം സർക്കാർ റിബേറ്റ് നൽകികൊണ്ട് കേരളീയ കൈത്തറി വസ്ത്രങ്ങളുടെ വിൽപന സംഘടിപ്പിച്ചിരിക്കുന്നു. 20 ശതമാനം സർക്കാർ റിബേറ്റിന് പുറമേ തെരഞ്ഞെടുത്ത തുണിത്തരങ്ങൾക്ക് 40 ശതമാനം വരെ വിലക്കിഴിവിൽ ലഭിക്കും. കൂടാതെ യുപിഐ/ക്രെഡിറ്റ്/ഡെബിറ്റ് കാർഡ് പേയ്മെന്റുകൾക്ക് 10 ശതമാനം അധിക ഡിസ്കൗണ്ടും ലഭിക്കും. കോട്ടൺ, ലിനൻ, സിൽക്ക് എന്നിവയിലെ പരമ്പരാഗത ഉൽപ്പന്നങ്ങൾക്ക് പുറമെ റെഡിമെയ്ഡ് കോട്ടൺ ഷർട്ടുകളും വിൽപനയ്ക്ക് എത്തിയിട്ടുണ്ട്.

സർക്കാർ, അർധ സർക്കാർ സ്കൂൾ, ബാങ്കുകൾ, കമ്പനി സ്ഥാപനങ്ങളിലെ സ്ഥിര ജീവനക്കാർക്ക് നിബന്ധനകൾക്ക് വിധേയമായി 20,000 രൂപ വരെ പലിശ രഹിത തവണ വ്യവസ്ഥയിൽ തുണിത്തരങ്ങൾ വാങ്ങാം. ഇതിനായുള്ള ക്രെഡിറ്റ് ഫോറം ഷോറൂമുകളിൽ ലഭ്യമാണ്. എറണാകുളത്ത് കെ.പി.സി.സി. ജംഗ്ഷനിൽ പ്രവർത്തിക്കുന്ന ഹാൻവീവ് ഷോറൂമിൽ ഈ ആനുകൂല്യങ്ങൾ നൽകികൊണ്ടുള്ള വിൽപന ആരംഭിച്ചിരിക്കുന്നു. ഫോൺ: 9446716109.

# പ്രൊജക്റ്റ് അടിസ്ഥിത പദ്ധതികൾക്ക് ധനസഹായം

**കൊച്ചി:** സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖാന്തിരം പ്രൊജക്റ്റ് അടിസ്ഥിത പദ്ധതികൾക്ക് ധനസഹായം നൽകുന്നു. ഫാം ഗേറ്റ്, പാക്ക് ഹൗസ്, പ്രൈമറി/മിനിമൽ പ്രോസസിംഗ് യൂണിറ്റുകൾ, റീഫർ വാനുകൾ, കോൾഡ് ചേമ്പറുകൾ, കോൾഡ് റൂമുകൾ,സോളാർ ഡ്രയർ, ചെറുകിട നഴ്സറികൾ, ഹൈടെക് നഴ്സറികൾ മുതലായവക്കാണ് ധനസഹായം നൽകുന്നത്.

നോൺ പ്രൊജക്റ്റ് സ്കീം ആയ ഉന്തു വണ്ടികൾ, പെർമെന്റ് സ്ട്രക്ചർ ഫോർ ആന്റി ബർഡ് ആന്റി ഹയിൽ നെറ്റ്, സംരക്ഷിത കൃഷി പോളി ഹൗസ്, മഴമറ, തണൽവല മറകൾ, ഫാൻ ആൻഡ് പാട് സിസ്റ്റം, ഹൈഡ്രോ പോണിക് സ്എറോപോണിക്സ്, സെൻസർ ബേസ്ഡ് ഓട്ടോമേഷൻ സിസ്റ്റംസ്, സർക്കുലേഷൻ ഫാനുകൾ, ജലസംഭരണികൾ എന്നിവക്കെല്ലാം ധനനസഹായം നൽകും.

അപേക്ഷകൾ അതാത് കൃഷിഭവനുകളിൽ അടിയന്തിരമായി സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്കായി www.nhm.nic.in എന്ന സൈറ്റ് പരിശോധിക്കാം.

# തൊഴിലാളി ശ്രേഷ്ഠ പുരസ്കാരം 2024 അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** സംസ്ഥാനത്തെ വിവിധ തൊഴിലിൽ മേഖലകളിലെ തൊഴിലാളികളുടെ കഴിവും ഉത്പാദനക്ഷമതയും പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയ തൊഴിലാളി ശ്രേഷ്ഠ പുരസ്കാരത്തിന് അപേക്ഷ ക്ഷണിച്ചു. ഡിസംബർ 26 മുതൽ 2026 ജനുവരി 08 വരെ ഓൺ ലൈൻ ആയി അപേക്ഷിക്കാം.

സെക്യൂരിറ്റി ഗാർഡ്, ചുമട്ട് തൊഴിലാളി, നിർമ്മാണ തൊഴിലാളി, കള്ളുചെത്ത് തൊഴിലാളി, മരം കയറ്റ തൊഴിലാളി, തയ്യൽ തൊഴിലാളി, കയർ തൊഴിലാളി, കശുവണ്ടി തൊഴിലാളി, മോട്ടോർ തൊഴിലാളി, സെയിൽസ് മാൻ/സെയിൽസ് വുമൺ, നേഴ്സ്, ഗാർഹിക തൊഴിലാളി, ടെക്സ്റ്റൈൽ മിൽ തൊഴിലാളി,കരകൗശല വൈവിധ്യ പാരമ്പര്യ തൊഴിലാളികൾ (ഇരുമ്പ് പണി.മരപ്പണി, കൽപണി, വെങ്കലപ്പണി, കളിമൺപാത്ര നിർമ്മാണം.കൈത്തറി വസ്ത്ര നിർമ്മാണം. ആഭരണ നിർമ്മാണം, ഈറ്റ കാട്ടുവള്ളി പാരമ്പര്യ തൊഴിലാളി), മാനുഫാക്ച്ചറിങ് പ്രോസസിംഗ് മേഖലയിലെ തൊഴിലാളികൾ (മരുന്ന് നിർമ്മാണ തൊഴിലാളി,ഓയിൽ മിൽ തൊഴിലാളി, ചെരുപ്പ് നിർമ്മാണ തൊഴിലാളി, ഫിഷ് പീലിംഗ് തൊഴിലാളി), മൽസ്യ ബന്ധന വിൽപന തൊഴിലാളികൾ ഐ റ്റി, ബാർബർ ബ്യൂട്ടീഷ്യൻ, പാചക തൊഴിലാളി എന്നീ മേഖലകളിലുള്ളവർക്ക് അപേക്ഷിക്കാം.

https://lc.kerala.gov.in/ എന്ന വെബ്സൈറ്റിലെ തൊഴിലാളി ശ്രേഷ്ഠ എന്ന ലിങ്കിലൂടെയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. കൂടുതൽ വിവരങ്ങൾക്ക്; വിലാസം: ലേബർ കമീഷണറുടെ കാര്യാലയം വികാസ് ഭവൻ, തിരുവനന്തപുരം. 695033. ഫോൺ: 0471-2783900

# ഉത്സവകാലത്ത് ഫലപ്രദമായ വിപണി ഇടപെടൽ സാധ്യമാക്കുമെന്ന് മന്ത്രി ജി ആർ അനിൽ

## സപ്ലൈകോയുടെ ക്രിസ്മസ് പുതുവത്സര ഫെയറുകൾ തുടങ്ങി

**തിരുവനന്തപുരം:** സർക്കാർ ഉത്സവ കാലത്ത് ഫലപ്രദമായ വിപണി ഇടപെടൽ സാധ്യമാക്കുമെന്ന് ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി.ആർ അനിൽ. ജനങ്ങൾക്ക് ആശ്വാസകരമായ രീതിയിൽ വിപണിയിൽ അവശ്യ സാധനങ്ങളുടെ വില നിയന്ത്രിക്കാൻ സപ്ലൈക്കോയുടെ ഉത്സവ ഫെയറുകളിലൂടെ കഴിയും. സപ്ലൈകോയുടെ ക്രിസ്മസ് പുതുവത്സര ഫെയറിന്റെ സംസ്ഥാനതല ഉദ്ഘാടനം പുത്തരിക്കണ്ടം നായനാർ പാർക്കിൽ നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.

തിരുവനന്തപുരം പുത്തരിക്കണ്ടം മൈതാനം, കൊല്ലം ആശ്രാമം മൈതാനം, പത്തനംതിട്ട റോസ് മൗണ്ട് ഓഡിറ്റോറിയം, കോട്ടയം തിരുനക്കര മൈതാനം, എറണാകുളം മറൈൻ ഡ്രൈവ്, തൃശൂർ തേക്കിൻകാട് മൈതാനം എന്നിവിടങ്ങളിലാണ് ഫെയറുകൾ നടത്തുന്നത്. അതോടൊപ്പം സംസ്ഥാനത്തെ എല്ലാ താലൂക്കുകളിലും സപ്ലൈക്കോയുടെ ഒരു പ്രധാന വിൽപനശാലയിൽ പ്രത്യേക ഫെയറുണ്ടാകും. ഡിസംബർ 31 വരെയാണ് ഫെയറുകൾ.

280ൽ അധികം ഉൽപ്പന്നങ്ങൾക്ക് പ്രത്യേകം ഓഫറുകളും ബ്രാൻഡഡ് നിത്യോപയോഗ സാധനങ്ങൾക്ക് അഞ്ചു മുതൽ 50 ശതമാനം വരെ വിലക്കുറവും ലഭിക്കും. 20 കിലോഗ്രാം അരി 25 രൂപയ്ക്ക് ഫെയറുകളിൽ ലഭ്യമാകും. പൊതുവിതരണ കേന്ദ്രങ്ങളിൽ നിന്നും ജനങ്ങൾക്ക് ആവശ്യമുള്ള വിവിധതരം അരി ഉൽപന്നങ്ങളും ലഭിക്കും. 500 രൂപയ്ക്ക് മുകളിൽ സബ്സിഡി ഇതര സാധനങ്ങൾ വാങ്ങുന്നവർക്ക് ഒരു കിലോ ശബരി ഉപ്പ് ഒരു രൂപയ്ക്ക് നൽകും. സബ്സിഡി നിരക്കിൽ നൽകുന്ന വെളിച്ചെണ്ണയുടെ വില ലിറ്ററിന് 10 രൂപ കുറച്ച് 309 രൂപയാക്കി. ഒരാൾക്ക് രണ്ട് ലിറ്റർ വരെ ഈ നിരക്കിൽ ലഭിക്കും. സബ്സിഡിയിതര ശബരി വെളിച്ചെണ്ണയുടെ വില 20 രൂപ കുറച്ച് 329 രൂപയാക്കി. കൂടാതെ, സബ്സിഡി ഇനങ്ങളായ ഉഴുന്ന്, കടല, വൻപയർ, തുവരപ്പരിപ്പ് എന്നിവയ്ക്ക് കിലോയ്ക്ക് രണ്ട് മുതൽ മൂന്ന് രൂപ വരെ വീണ്ടും കുറച്ചതായി മന്ത്രി അറിയിച്ചു. ജനുവരി മാസത്തെ സബ്സിഡി സാധനങ്ങൾ ഇന്നുമുതൽ തന്നെ സ സപ്ലൈക്കോ വിൽപനശാലകളിൽ നിന്നും മുൻകൂട്ടി വാങ്ങാനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

ക്രിസ്മസിനോട് അനുബന്ധിച്ച് സാന്റ ഓഫർ എന്ന പേരിൽ 12 ഉൽപ്പന്നങ്ങൾ അടങ്ങിയ പ്രത്യേക കിറ്റ് ലഭിക്കും. കേക്ക്, പഞ്ചസാര, തേയില, പായസം മിക്സ്, ശബരി അപ്പം പൊടി, മസാലകൾ എന്നിവ അടങ്ങിയ 667 രൂപയുടെ കിറ്റ് 500 രൂപയ്ക്ക് നൽകും. സപ്ലൈക്കോയുടെ പെട്രോൾ പമ്പുകളിൽ നിന്നും 250 രൂപയ്ക്ക് ഇന്ധനം നിറയ്ക്കുന്ന ഇരുചക്ര വാഹനങ്ങൾക്കും ഓട്ടോറിക്ഷകൾക്കും 1000 രൂപയ്ക്ക് മുകളിൽ ഇന്ധനം നിറയ്ക്കുന്ന മറ്റു വാഹനങ്ങൾക്കും കൂപ്പണുകൾ നൽകും. 1000 രൂപയ്ക്ക് സബ്സിഡിയിതര സാധനങ്ങൾ വാങ്ങുമ്പോൾ ഈ കൂപ്പണിന്മേൽ 50 രൂപ ഇളവ് ലഭിക്കും. സപ്ലൈകോ അത്യാധുനികരീതിയിൽ ഒരുക്കുന്ന ഷോപ്പിങ് മാളായ സിഗ്നേച്ചർ മാർട്ട് തലശ്ശേരി, എറണാകുളം, കോട്ടയം എന്നിവിടങ്ങളിൽ ഉടൻ ആരംഭിക്കുമെന്നും മന്ത്രി പറഞ്ഞു.

പൊതുവിതരണ കേന്ദ്രങ്ങളിലൂടെ വെള്ള, നീല റേഷൻ കാർഡുടമകൾക്ക് ജനുവരി മുതൽ സ്പെഷ്യൽ അരി ലഭിക്കും. അതുപോലെ രണ്ട് കിലോ വീതം ആട്ട 17 രൂപ നിരക്കിൽ വിതരണം ചെയ്യും. സംസ്ഥാന സർക്കാർ നടത്തിയ നിരന്തര ഇടപെടലുകളുടെ ഭാഗമായി 6459 മെട്രിക് ടൺ ഗോതമ്പ് കേന്ദ്രം അനുവദിച്ചതിനാലാണ് ഇത് സാധ്യമായത്. അർഹരായ കുടുംബങ്ങൾക്ക് മുൻഗണനാ കാർഡുകൾ ലഭ്യമാക്കുന്നതിനായി അപേക്ഷ സമർപ്പിക്കാനുള്ള കാലാവധി ഡിസംബർ 31 വരെ നീട്ടിയിട്ടുണ്ട്. പൊതുവിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കാൻ സർക്കാർ നടത്തുന്ന ഇടപെടലുകൾ ജനങ്ങൾ പരമാവധി പ്രയോജനപ്പെടുത്തണമെന്നും മന്ത്രി പറഞ്ഞു.

സപ്ലൈകോയുടെ അൻപതാം വാർഷികാഘോഷങ്ങളോട് അനുബന്ധിച്ച് തയാറാക്കിയ മുൻ മാനേജിങ് ഡയറക്ടർമാരുടെ അനുഭവക്കുറിപ്പുകൾ അടങ്ങിയ സുവനീർ മന്ത്രി പ്രകാശനം ചെയ്തു. ഫെയറിലെ ആദ്യ വിൽപ്പനയും മന്ത്രി നിർവഹിച്ചു.

അഡ്വ. ആന്റണി രാജു എംഎൽഎ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. സപ്ലൈക്കോ മാനേജിങ് ഡയറക്ടർ ജ യകൃഷ്ണൻ വി എം സ്വാഗതം ആശംസിച്ചു. വാർഡ് കൗൺസിലർ എസ് കെ പി രമേഷ്, പൊതുവിതരണ കമ്മീഷണർ ഹിമ കെ, സപ്ലൈക്കോ അഡിഷണൽ ജനറൽ മാനേജർ എം ആർ ദീപു, മേഖലാ മാനേജർ സ്മിത തുടങ്ങിയവർ സന്നിഹിതരായി.

# അഖില മലങ്കര സുവിശേഷ മഹായോഗം 28 മുതൽ 31 വരെ പുത്തൻകുരിശിൽ

**കോലാഞ്ചേരി:** യക്കോബായ സഭയുടെ ആഭിമുഖ്യത്തിൽ പുത്തൻകുരിശിൽ നടത്തപ്പെടുന്ന 26മത് അഖിലമലങ്കര സുവിശേഷ മഹായോഗത്തിന്റെ ഉദ്ഘാടനം ഡിസംബർ 26 ന് ശ്രേഷ്ഠ കാതോലിക്ക ബസ്സേലിയോസ് ജോസഫ് ബാവ നിർവ്വഹിക്കും. സുവിശേഷസംഘം പ്രസിഡന്റ് ഏലിയാസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്ത അദ്ധ്യക്ഷത വഹിക്കും. ഡോ. കുര്യാക്കോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്ത മുഖ്യ സന്ദേശം നൽകും. ഈ വർഷത്തെ ചിന്താവിഷയം ' ഉയരത്തിലുള്ളത് തന്നെ ചിന്തിക്കുവിൻ' എന്നതാണ്.

തുടർന്നുള്ള ദിവസങ്ങളിൽ സഖറിയാസ് മോർ പീലക്സിനോസ്, മാത്യൂസ് മോർ അന്തീമോസ്, മാത്യൂസ് മോർ അപ്രേം, ഗീവർഗീസ് മോർ കുറിലോസ്, മാത്യൂസ് മോർ ഈവാനിയോസ്, ഐസക് മോർ ഒസ്താത്തിയോസ് തുടങ്ങിയ മെത്രാപ്പോലീത്തമാരും, ഫാദർ തോമസ് വടക്കൻ, ഫാദർ ദാനിയേൽ പൂവണ്ണത്തിൽ, ഫാദർ സന്തോഷ് കെ.സി, ഫാദർ ടിജ വർഗീസ് പൊൻപള്ളി, ഫാദർ ജോർജ്ജ് മാന്തോട്ടം കോറെപ്പിസ്കോപ്പ തുടങ്ങിയവർ പ്രസംഗിക്കും. 28 ന് വൈകുന്നേരം 6.30ന് മലങ്കര കത്തോലിക്കാ സഭയുടെ കാതോലിക്ക കർദ്ദിനാൾ ആബൂൻ മോർ ബസ്സേലിയോസ് ക്ലീമീസ് ബാവയ്ക്ക് 'ബസ്സേലിയോസ് തോമസ് 1 കാതോലിക്കോസ് എക്സലൻസ് അവാർഡ് ശ്രേഷ്ഠബാവ പുരസ്കാരം' ശ്രേഷ്ഠ ബസ്സേലിയോസ് ജോസഫ് ബാവ സമർപ്പിക്കും.

സുവിശേഷ മഹായോഗത്തിന്റെ എല്ലാ ദിവസങ്ങളിലും രോഗികൾക്കായി സമർപ്പണ പ്രാർത്ഥന നടത്തും. സഭയുടെ ഔദ്യോഗിക സംഗീത വിഭാഗമായ 'കെനോറൊ' യുടെ ആഭിമുഖ്യത്തിൽ 101 അംഗ ഗായകസംഘം സുവിശേഷ ഗാന ശുശ്രൂഷ നടത്തും. കെ.എസ്.ആർ.ടി.സി, പ്രൈവറ്റ് ബസുകൾ കൂടുതൽ സർവ്വീസുകൾ നടത്തും. സുവിശേഷയോഗം നടക്കുന്ന പുത്തൻകുരിശിനെ' ഫെസ്റ്റിവൽ ഏരിയ ' യായി സർക്കാരിനെ പ്രഖ്യാപിച്ചിട്ടുണ്ടെന്നും ഭാരവാഹികളായ ഡോ.ഏലിയാസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്ത, ജോർജ്ജ് മാന്തോട്ടം കോറെപ്പിസ്കോപ്പ, മോൻസി വാവച്ചൻ, തോമസ് കന്നടിയിൽ എന്നിവർ അറിയിച്ചു.

# ക്ഷീര വികസന വകുപ്പ് മാധ്യമ അവാർഡ്: അപേക്ഷകൾ ക്ഷണിച്ചു

**തിരുവനന്തപുരം:** ക്ഷീര വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ജനുവരിയിൽ കൊല്ലം ജില്ലയിൽ നടത്തുന്നസംസ്ഥാന ക്ഷീര സംഗമത്തോടനുബന്ധിച്ച് (പടവ് 2026) മാധ്യമ പ്രവർത്തകരുടെ സൃഷ്ടികൾക്ക് ഏർപ്പെടുത്തിയ പുരസ്കാരങ്ങൾക്കായി അപേക്ഷകൾ ക്ഷണിച്ചു. ക്ഷീര വികസനവുമായി ബന്ധപ്പെട്ട് പൊതുവിഭാഗത്തിൽ മികച്ച പത്ര റിപ്പോർട്ട്, മികച്ച പത്ര ഫീച്ചർ, മികച്ച ഫീച്ചർ/ലേഖനം (കാർഷിക മാസികകൾ), മികച്ച പുസ്തകം (ക്ഷീര മേഖല), മികച്ച ശ്രവ്യ മാധ്യമ ഫീച്ചർ, മികച്ച ദൃശ്യ മാധ്യമ റിപ്പോർട്ട്, മികച്ച ദൃശ്യ മാധ്യമ ഫീച്ചർ, മികച്ച ദൃശ്യ മാധ്യമ ഡോക്യുമെന്ററി/ മാഗസിൻ പ്രോഗ്രാം, മികച്ച ഫോട്ടോഗ്രാഫ് (ക്ഷീരമേഖല മാറുന്ന കാഴ്ചപ്പാടുകൾ എന്ന വിഷയത്തിൽ) എന്നിവയ്ക്ക് പുരസ്കാരം നൽകും.

ക്ഷീര വികസന വകുപ്പ് ഉദ്യോഗസ്ഥർക്ക് മികച്ച ഫീച്ചർ ദിനപ്പത്രം, ആനുകാലികം, മികച്ച ഫോട്ടോഗ്രാഫ് (ക്ഷീര മേഖല മാറുന്ന കാഴ്ചപ്പാടുകൾ എന്ന വിഷയത്തിൽ) വിഭാഗങ്ങളിലാണ് പുരസ്കാരം നൽകുക. എൻട്രികൾ 2024 ജനുവരി 1 മുതൽ 2025 ഒക്ടോബർ 31 വരെയുള്ള കാലയളവിൽ പ്രസിദ്ധീകരിച്ചതായിരിക്കണം. മത്സരം സംബന്ധിച്ചുള്ള നിബന്ധനകളും അപേക്ഷാഫോറത്തിന്റെ മാതൃകയും വകുപ്പിന്റെ വെബ്സൈറ്റിൽ നിന്നും

(www.dairydevelopment.kerala.gov.in) ലഭ്യമാണ്. വിജയികൾക്ക് 25,000 രൂപ ക്യാഷ് അവാർഡും, ഫലകവും, പ്രശസ്തി പത്രവും നൽകും. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി: ഡിസംബർ 30ന് വൈകിട്ട് 4 മണി. അപേക്ഷകൾ അയയ്ക്കേണ്ട വിലാസം: ഡെപ്യൂട്ടി ഡയറക്ടർ (എക്സ്റ്റൻഷൻ) ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റ് പട്ടം പി.ഒ, തിരുവനന്തപുരം695004. ഫോൺ: 9995240861,9446453247,9495541251.

# വേമ്പനാട് കായൽ പുനരുദ്ധാരണത്തിന് ഒമ്പത് പദ്ധതികൾ അവതരിപ്പിച്ച് ബീറ്റാ വേമ്പനാട് ഫോറം

## കായൽ സംരക്ഷണത്തിന് സിഎസ്ആർ ഫണ്ട് സമാഹരിക്കും

**ആലപ്പുഴ:** സംസ്ഥാനത്തെ ഏറ്റവും വലിയ തണ്ണീർത്തടമായ വേമ്പനാട് തടാകത്തിന്റെ പരിസ്ഥിതി പുനരുദ്ധാരണത്തിന് ഒമ്പത് പദ്ധതികൾ അവതരിപ്പിച്ച് ബീറ്റാ വേമ്പനാട് ഫോറം. ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ ആര്യാട് ലേക്ക് കനോപ്പി റിസോർട്ടിൽ സംഘടിപ്പിച്ച ബീറ്റാ വേമ്പനാട് ഫോറത്തിലാണ് മേഖലയിലെ വിദഗ്ധർ വ്യത്യസ്തമായ പരിസ്ഥിതി പുനരുദ്ധാരണ പദ്ധതികൾ അവതരിപ്പിച്ചത്. കുളവാഴ മൂല്യവർദ്ധിത ഉൽപന്നങ്ങൾ, ഓൺസൈറ്റ് ശുചീകരണ സംവിധാനം, സ്കൂൾ ലാബുകളിലൂടെ വിദ്യാർത്ഥി പൗര ജലഗുണ നിരീക്ഷണം, നഴ്സറി പെൻ സാങ്കേതികവിദ്യയിലൂടെ മത്സ്യബന്ധന വർദ്ധനവ്, ബയോചങ്ങ് നിർമാണം, സ്ലൂയിസ് ഗേറ്റ് സാങ്കേതിക വിദ്യ, കീടനാശിനികൾ നീക്കം ചെയ്യുന്ന പ്രകൃതിയധിഷ്ഠിത ഫിൽട്ടർ, ഹൗസ്ബോട്ട് മേഖലയിലെ ഉയർന്ന പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുന്നതിന് കേന്ദ്രീകൃത വൃത്തിയാക്കൽസാനിറ്റേഷൻ അടിസ്ഥാനസൗകര്യ പദ്ധതി എന്നിവയാണ് വിദഗ്ധർ ഫോറത്തിൽ അവതരിപ്പിച്ചത്.



ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ ഒന്നരവർഷമായി നടന്നു വരുന്ന വേമ്പനാട് പുനരുദ്ധാരണ പദ്ധതിയുടെ സാധ്യതകളും അവസരങ്ങളും ദേശീയഅന്താരാഷ്ട്ര തലത്തിലുള്ള വിദഗ്ധരുടെയും ധനകാര്യ സ്ഥാപനങ്ങളുടെയും മുന്നിൽ അവതരിപ്പിക്കുക, കായലിന്റെ പുനരുജ്ജീവനത്തിന് കോർപ്പറേറ്റ് സാമൂഹിക ഉത്തരവാദിത്ത (സിഎസ്ആർ) ഫണ്ടുകൾ സമാഹരിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻ നിർത്തിയാണ് അന്താരാഷ്ട്ര വിദഗ്ധർ അടക്കം പങ്കെടുപ്പിച്ച് സെമിനാർ സംഘടിപ്പിച്ചത്. കേന്ദ്ര ജൽ ശക്തി മന്ത്രാലയത്തിലെ അഡീഷണൽ സെക്രട്ടറിയും ദേശീയ ജല ദൗത്യം ഡയറക്ടറുമായ അർച്ചന വർമ്മ ഫോറം ഓൺലൈനായി ഉദ്ഘാടനം ചെയ്തു. ജില്ലാ കളക്ടർ അലക്സ് വർഗീസ് ആമുഖപ്രഭാഷണം നടത്തി. ടാഗ്സ് ഫോറം ഡയറക്ടർ രോഹിത് ജോസഫ് പദ്ധതി വിശദീകരിച്ചു.

വേമ്പനാട് തണ്ണീർത്തടത്തിന്റെ സമഗ്ര പുനരുദ്ധാരണത്തിന് ആവശ്യമായ ഫണ്ട് സമാഹരിക്കുന്നതിനുള്ള നിർണായക ചുവടുവെപ്പായി ഫോറം മാറിയെന്നും അടുത്ത ഘട്ടം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് ഉടൻ നടപ്പാക്കുമെന്നും സംഘാടകർ അറിയിച്ചു. പരിപാടിയിൽ മുൻ ധനവകുപ്പ് മന്ത്രി ഡോ. തോമസ് ഐസക്, മുൻ അംബാസഡർ വേണു രാജാമണി, യു.എൻ.സി.സി.ഡി ഡയറക്ടർ ഡോ. മുരളി തുമ്മാരുക്കുടി, വെറ്റ് ലാൻഡ്സ് ഇന്റർനാഷണൽ സൗത്ത് ഏഷ്യ ഡയറക്ടർ ഡോ. റിതേഷ് കുമാർ, കെയർ എർത്ത് കോ ഫൗണ്ടർ ഡോ. ജയശ്രീ വെങ്കടേശൻ, എസ്.ഡബ്ല്യു.എ.കെ മെമ്പർ സെക്രട്ടറി സുനിൽ പമിഡി, ഡോ. കെ.ജി. പദ്മകുമാർ, ഡോ. ജി. നാഗേന്ദ്ര പ്രഭു, ഡോ. വി. എൻ. സഞ്ജീവൻ, ഡോ. എൻ സുനിൽകുമാർ, ഡോ. ജോൺ സി മാത്യു, ഡോ. മനോജ് പി സാമുവൽ, ഡോ. എൻ അനിൽ കുമാർ, ഡോ. രംഗലക്ഷ്മി, കെ എസ് ഹരികുമാർ, രാജ്യാന്തരദേശീയ തലത്തിലുള്ള പാരിസ്ഥിതിക വിദഗ്ധർ. സിഎസ്ആർ പ്രതിനിധികൾ, സർക്കാർ ഉദ്യോഗസ്ഥർ, ഗവേഷക സ്ഥാപനങ്ങൾ, സാമൂഹിക സംഘടനകൾ തുടങ്ങിയവർ പങ്കെടുത്തു.

# വാക്ക് ഇൻ ഇന്റർവ്യൂ

**തിരുവനന്തപുരം:** ബാർട്ടൺഹിൽ സർക്കാർ എൻജിനിയറിംഗ് കോളേജിനോടനുബന്ധിച്ച് പ്രവർത്തിക്കുന്ന വനിതാ ഹോസ്റ്റലിലേക്ക് ദിവസവേതനാടിസ്ഥാനത്തിൽ സ്വീപ്പർ കം സാനിറ്ററി വർക്കർ താൽക്കാലിക തസ്തികയിലേക്ക് വനിതാ ഉദ്യോഗാർത്ഥികളിൽ നിന്നും ഡിസംബർ 30 രാവിലെ 10 ന് വാക്ക്ഇൻ ഇന്റർവ്യൂ നടത്തുന്നു. ഏഴാം ക്ലാസ് പാസായതും 40 മുതൽ 60 വയസ് വരെ പ്രായമുള്ളതുമായ ഉദ്യോഗാർത്ഥികൾക്ക് അപേക്ഷിക്കാം. പ്രവൃത്തി പരിചയം ഉള്ളവർക്ക് മുൻഗണന ഉണ്ടായിരിക്കും. താൽപര്യമുള്ളവർ വയസ്, യോഗ്യത, പ്രവൃത്തി പരിചയം, തിരിച്ചറിയൽ രേഖകൾ എന്നിവയുടെ അസൽ രേഖകൾ സഹിതം നിശ്ചിത സമയത്ത് കോളേജിൽ നേരിട്ട് ഹാജരാകണം.

# ഖാദി ക്രിസ്മസ് ന്യൂ ഇയർ റിബേറ്റ് മേള

**കോട്ടയം:** കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ ഖാദി ക്രിസ്മസ് ന്യൂ ഇയർ റിബേറ്റ് മേളയ്ക്ക് തുടക്കം. ജില്ലാതല ഉദ്ഘാടനം സി.എസ്.ഐ കോംപ്ലക്സിലെ ഖാദി ഗ്രാമ സൗഭാഗ്യയിൽ ജോൺ വർഗീസ് നിർവഹിച്ചു. ജില്ലാ ഖാദി ഗ്രാമ വ്യവസായ ബോർഡ് അസിസ്റ്റന്റ് രജിസ്ട്രാർ സിയ പി. ജോസ്, പ്രോജക്ട് ഓഫീസർ ജസ്സി ജോൺ,ഡോ. അഞ്ജു സി. നായർ എന്നിവർ പങ്കെടുത്തു. ജനുവരി രണ്ടുവരെ നടക്കുന്ന മേളയിൽ ഖാദി തുണിത്തരങ്ങൾ 30 ശതമാനം സർക്കാർ റിബേറ്റിൽ വാങ്ങാം.

## അപേക്ഷ ക്ഷണിച്ചു

**കോട്ടയം:** വനിതാ സംരക്ഷണ ഓഫീസിനു കീഴിൽ പ്രവർത്തിക്കുന്ന സഖി വൺസ്റ്റോപ് സെന്ററിൽ കേസ് വർക്കർ തസ്തികയിൽ കരാർ നിയമനം നടത്തുന്നതിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ 24 നും 45 നും ഇടയിൽ പ്രായവും നിയമ ബിരുദമോ സോഷ്യൽ വർക്കിൽ ബിരുദാനന്തര ബിരുദമോ ഉള്ള സ്ത്രീകളെയാണ് പരിഗണിക്കുന്നത്.

സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിനുള്ള പ്രവർത്തനങ്ങളിൽ ഗവൺമെൻറോ എൻ.ജി.ഒകളോ നടത്തുന്ന പ്രോജക്ടുകളിൽ മൂന്നുവർഷത്തിൽ കുറയാത്ത അഡ്മിനിസ്ട്രേറ്റീവ് പരിചയം ഉണ്ടായിരിക്കണം. കൗൺസലിംഗിൽ ഒരു വർഷത്തെ പ്രവർത്തന പരിചയമുള്ളവർക്ക് മുൻഗണന.

അപേക്ഷകൾ കോട്ടയം സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന വനിതാ സംരക്ഷണ ഓഫീസിൽ ജനുവരി മൂന്നിന് വൈകുന്നേരം അഞ്ചിനു മുൻപ് നൽകണം. ഫോൺ: 04812 300955.

## ശിശുമരണ നിരക്ക് ഗണ്യമായി കുറഞ്ഞു

**കോട്ടയം:** ശിശു മരണനിരക്ക് കുറയ്ക്കുന്നതിൽ ജില്ല റെക്കോർഡ് നേട്ടം കൈവരിച്ചതായി ജില്ലാ കളക്ടർ ചേതൻകുമാർ മീണയുടെ അധ്യക്ഷതയിൽ ചേർന്ന ജില്ലാതല കോഓർഡിനേഷൻ കമ്മിറ്റി യോഗം വിലയിരുത്തി. 2025 ജനുവരി മുതൽ നവംബർ വരെ ആയിരത്തിൽ രണ്ട് ശിശുമരണങ്ങൾ മാത്രമാണ് ജില്ലയിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

ജനന മരണ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട്, രജിസ്ട്രാർമാർ, ആശുപത്രി അക്ഷയ സെൻറർ ജീവനക്കാർ എന്നിവർക്ക് പരിശീലനം നൽകുന്നതിന് യോഗം തീരുമാനിച്ചു.

തദ്ദേശസ്വയംഭരണ വകുപ്പ് ജോയിൻറ് ഡയറക്ടർ ബിനു ജോൺ, ജനന മരണ രജിസ്ട്രേഷൻ ജില്ലാ രജിസ്ട്രാർ സി.ആർ. പ്രസാദ്, എക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് ഡെപ്യൂട്ടി ഡയറക്ടർ പി.ആർ. ശ്രീലേഖ, വിവിധ വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

## കൊളോസ്റ്റമി രോഗികളുടെ ആരോഗ്യ ആനന്ദ സംഗമം

**കൽപ്പറ്റ:** സാർവത്രിക പാലിയേറ്റീവ് പരിചരണ പരിപാടിയുടെ ഭാഗമായി ആരോഗ്യ വകുപ്പിന്റെയും ആരോഗ്യ കേരളത്തിന്റെയും ആഭിമുഖ്യത്തിൽ കൊളോസ്റ്റമി രോഗികളുടെ ആരോഗ്യ ആനന്ദ സംഗമം സംഘടിപ്പിച്ചു. രോഗികളുടെ ശാരീരികവും മാനസികവുമായ ഉല്ലാസത്തിന് അവസരമൊരുക്കുകയും പരസ്പര ബന്ധങ്ങളിലൂടെയും കൂട്ടായ്മകളിലൂടെയും രോഗം മൂലമുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുകയുമാണ് ലക്ഷ്യം.

കൽപ്പറ്റ സമസ്ത ഹാളിൽ വച്ച് നടന്ന പരിപാടി ആരോഗ്യ കേരളം പ്രോഗ്രാം മാനേജർ ഡോ സമീഹ സൈതലവി ഉദ്ഘാടനം ചെയ്തു. ജില്ലാ എൻ.പി.എൻ.സി.ഡി നോഡൽ ഓഫീസർ ഡോ. കെ.ആർ ദീപ അദ്ധ്യക്ഷയായ ചടങ്ങിൽ ജില്ലാ എജ്യുക്കേഷൻ ആന്റ് മീഡിയ ഓഫീസർ കെ.എം മുസ്തഫ, ജില്ലാ പാലിയേറ്റീവ് കോഡിനേഷൻ കമ്മറ്റി പ്രസിഡന്റ് പി അസൈനാർ, ആരോഗ്യ കേരളം അക്കൗണ്ട്സ് ഓഫീസർ ജോജി, ജില്ലാ പാലിയേറ്റീവ് കോഡിനേറ്റർ പി സ്മിത എന്നിവർ സംസാരിച്ചു. കൽപ്പറ്റ ജനറൽ ആശുപത്രിയിലെ സർജൻ ഡോ. അരുൺ സി ദാസ് രോഗികളുടെ സംശയങ്ങൾക്ക് മറുപടി നൽകുകയും ബുദ്ധിമുട്ടുകൾ പരിഹരിക്കാനുള്ള ഉപദേശ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. രോഗികളുടെയും അവരെ പരിചരിക്കുന്നവരുടെയും കലാ പരിപാടികളും നടന്നു. രോഗികൾ, അവരെ പരിചരിക്കുന്നവർ, ആരോഗ്യപ്രവർത്തകർ, പാലിയേറ്റീവ് പ്രവർത്തകർ, സന്നദ്ധ പ്രവർത്തകർ എന്നിവർ പങ്കെടുത്തു.

## തൊഴിൽ മേള സംഘടിപ്പിച്ചു

**മാനന്തവാടി:** വിജ്ഞാന കേരളം പദ്ധതിയുടെ ഭാഗമായി അസാപിന്റെ നേതൃത്വത്തിൽ മാനന്തവാടി അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക്കിൽ തൊഴിൽ മേള സംഘടിപ്പിച്ചു. തൊഴിൽ മേളയിൽ അമ്പതിലധികം ഉദ്യോഗാർത്ഥികൾ പങ്കെടുത്തു. വിവിധ മേഖലകളിൽ നിന്നുള്ള നാല് സ്ഥാപനങ്ങൾ മേളയിൽ പങ്കെടുത്തു. അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക്കിൽ എല്ലാ മാസവും മൂന്നാം ശനിയാഴ്ചകളിൽ തൊഴിൽ മേള സംഘടിപ്പിക്കുമെന്ന് അധികൃതർ അറിയിച്ചു

# സിനിമ ടൂറിസം പദ്ധതി കേരളത്തിന്റെ ടൂറിസം പ്രവർത്തനങ്ങൾക്ക് മുതൽക്കൂട്ടെന്ന് മന്ത്രി

**ബേക്കൽ:** സിനിമ ടൂറിസം പദ്ധതികൾ കേരളത്തിന്റെ ടൂറിസം പ്രവത്തങ്ങൾക്ക് മുതൽക്കൂട്ടാകുമെന്ന് ടൂറിസം പൊതുമരാമത്ത് വകുപ്പ് മന്ത്രി മുഹമ്മദ് റിയാസ് പറഞ്ഞു. 1995 ൽ പുറത്തിറങ്ങിയ 'ബോംബെ' സിനിമയുടെ സംവിധായകൻ മണിരത്നം, നായിക മനീഷ കൊയ്രാള, ഛായാഗ്രഹൻ രാജീവ് മേനോൻ എന്നിവർക്കൊപ്പം ബേക്കൽ കോട്ട സന്ദർശിച്ചുകൊണ്ട് സംസാരിക്കുകയായിരുന്നു റിയാസ്.

കേരളത്തിൽ സിനിമ ടൂറിസം പദ്ധതി ആവിഷ്കരിക്കുന്നത് വഴി പഴയ സിനിമ ലൊക്കേഷനുകൾ ജനങ്ങളിലേക്ക് എത്തിക്കാനും അതുവഴി ടൂറിസം സാധ്യതകൾ മെച്ചപ്പെടുത്താനുമുള്ള ശ്രമത്തിന്റെ ഭാഗമായാണ് 30 വർഷങ്ങൾക്കിപ്പുറം ഇങ്ങനെയൊരു കൂടികാഴ്ച സംഘടിപ്പിച്ചത്. ഇതുവഴി ബേക്കലിലെ മാത്രമല്ല കേരളത്തിലെ ടൂറിസം പ്രവർത്തനങ്ങൾക്ക് കരുത്തു നൽകുമെന്നും റിയാസ് പറഞ്ഞു.

30 വർഷങ്ങൾക്കിപ്പുറം ഒരിക്കൽ കൂടി പ്രിയപ്പെട്ട സിനിമയുടെ ലൊക്കേഷനിൽ പ്രിയപ്പെട്ട സഹപ്രവർത്തകർക്കൊപ്പം പങ്കുചേരാൻ സാധിച്ചതിന്റെ സന്തോഷത്തിലാണ് മൂവരും. സി എച്ച് കുഞ്ഞമ്പു എം.എൽ.എ, ബേക്കൽ റിസോർട്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ മാനേജിങ് ഡയറക്ടർ ഷിജിൻ പറമ്പത്ത്, എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

ബോംബെയിലെ പ്രശസ്തമായ ഉയിരേ ഗാനത്തിന്റെ രംഗങ്ങൾ ചിത്രീകരിച്ച ബേക്കൽ കോട്ടയെ വീണ്ടും സിനിമാ പ്രേക്ഷകർക്കിടയിൽ പരിചയപ്പെടുത്തുന്നതിനോടൊപ്പം, പ്രദേശത്തെ സിനിമ-ടൂറിസം സാധ്യതകൾ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ബേക്കൽ റിസോർട്സ് ഡെവലപ്മെന്റ് കോർപ്പറേഷനും (ബി. ആർ. ഡി. സി) കേരള ടൂറിസം വകുപ്പും സംയുക്തമായാണ് പരിപാടി സംഘടിപ്പിച്ചത്. ബി. ആർ. ഡി. സി യുടെ മുപ്പതാം വാർഷികത്തോടനുബന്ധിച്ച് കൂടിയാണ് വിഖ്യാത ചലച്ചിത്ര പ്രതിഭകളുടെ സംഗമം നടന്നത്.

ഇന്ത്യൻ സിനിമയിലെ ഐതിഹാസിക ചലച്ചിത്രം 'ബോംബെ' പുറത്തിറങ്ങി 30 വർഷം തികയുമ്പോൾ, ചിത്രത്തിന്റെ മനോഹരമായ ഓർമ്മകൾ തേടി സംവിധായകൻ മണിരത്നവും നായിക മനീഷ കൊയ്രാളയും ഛായഗ്രാഹകൻ രാജീവ് മേനോനും ബേക്കൽ കോട്ടയിലെത്തി. സിനിമയിലെ വിഖ്യാതമായ ഉയിരെ എന്ന ഗാനം ചിത്രീകരിച്ച ബേക്കലിന്റെ മണ്ണിൽ വെച്ച് അവർ തന്റെ സിനിമാനുഭവങ്ങൾ പങ്കുവെച്ചു.

തന്റെ പ്രിയപ്പെട്ട സഹപ്രവർത്തകർക്കൊപ്പം ഒരിക്കൽ കൂടി പ്രിയപ്പെട്ട സിനിമയുടെ മനോഹരമായ ലൊക്കേഷനിലേക്ക് എത്തിച്ചേർന്നതിന്റെ സന്തോഷം മനീഷ കൊയ്രാള പങ്കുവച്ചു. മനീഷ കൊയ്രാള എന്ന നടിയെ ജനമനസ്സുകളിലേക്ക് അടയാളപ്പെടുത്തിയ സിനിമയും ഗാനവും കൂടിയാണ് ബോംബെ എന്ന് അവർ പറഞ്ഞു.

ഈ മനോഹരമായ ലൊക്കേഷൻ തനിക്ക് പരിചയപ്പെടുത്തിയ രാജീവ് മേനോനോട് നന്ദി പറഞ്ഞുകൊണ്ടാണ് മണിരത്നം സംസാരിച്ചുതുടങ്ങിയത്. 30 വർഷത്തിനിടയിൽ ബേക്കൽ കോട്ടയും പരിസരങ്ങളും തിരിച്ചറിയാൻ സാധിക്കാത്ത വിധം മാറിപ്പോയിരിക്കുന്നു. എങ്കിലും ഇവിടുത്തെ ആ പഴയ വികാരത്തിനും സന്തോഷത്തിനും ഒട്ടും മാറ്റമില്ല, അദ്ദേഹം പറഞ്ഞു. കേരളം സിനിമാ ചിത്രീകരണത്തിന് അത്രമേൽ അനുയോജ്യമായ ഇടമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ബോംബെ എന്ന അവിസ്മരണീയ സിനിമ ഇന്നും ജനമനസ്സുകളിൽ ജീവിക്കുന്നത് ഉയിരെ എന്ന ഗാനത്തിലൂടെയാണെന്ന് മണിരത്നം പറഞ്ഞു. ബേക്കലിന്റെ പ്രകൃതിഭംഗിയും അവിടുത്തെ കാലാവസ്ഥയും എ.ആർ. റഹ്മാന്റെ സംഗീതവും ആ മഴക്കാലവും ചേർന്നപ്പോഴാണ് ഉയിരെ എന്ന ഗാനത്തിന് ആ മാന്ത്രികത ലഭിച്ചത്. ആ ഗാനത്തിന്റെ പിന്നിൽ പ്രവർത്തിച്ച സംവിധായകനെയും റഹ്മാനെയും ഈ അവസരത്തിൽ സന്തോഷത്തോടെ ഓർക്കുന്നു, ചിത്രീകരണ സമയത്തെ മനോഹരമായ ഓർമ്മകൾ പങ്കുവെച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു.

ടൂറിസം മേഖലയുടെ വളർച്ചയ്ക്ക് വേണ്ടി കേരള സർക്കാർ നടത്തുന്ന പ്രവർത്തനങ്ങളെ മണിരത്നവും മനീഷ കൊയ്രാളയും രാജീവ് മേനോനും പ്രത്യേകം അഭിനന്ദിച്ചു. 30 വർഷങ്ങൾക്ക് ശേഷം വീണ്ടും ബേക്കൽ കോട്ടയിലേക്ക് തിരിച്ചുവരാൻ അവസരം ഒരുക്കിയ കേരള സർക്കാരിന് മൂവരും നന്ദി അറിയിച്ചു. കേരളത്തിന്റെ മനോഹാരിത ഇനിയും ഒരുപാട് സിനിമകളിലൂടെ ലോകം കാണട്ടെ എന്ന് ഛായഗ്രാഹകൻ രാജീവ് മേനോൻ ആശംസിച്ചു. കേരളത്തിലെ ടൂറിസം മേഖലയുടെ പ്രവർത്തനങ്ങളെയും മന്ത്രി പി.എ മുഹമ്മദ് റിയാസിനെയും അദ്ദേഹം പ്രത്യേകം അഭിനന്ദിച്ചു.ബോംബെ യിലെ പ്രശസ്തമായ ഉയിരേ ഗാനത്തിന്റെ പ്രധാന രംഗങ്ങൾ ചിത്രീകരിച്ച ഇടമായ ബേക്കൽ കോട്ടയെ വീണ്ടും സിനിമാ പ്രേക്ഷകർക്കിടയിൽ പരിചയപ്പെടുത്തുന്നതിനോടൊപ്പം, പ്രദേശത്തെ സിനി-ടൂറിസം സാധ്യതകൾ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ബേക്കൽ റിസോർട്സ് ഡെവലപ്മെന്റ് കോർപ്പറേഷനും കേരള ടൂറിസം വകുപ്പും സംയുക്തമായി സംഘടിപ്പിച്ച പരിപാടിയിൽ സംസാരിക്കുകയായിരുന്നു

# ശുചിമുറികൾ കണ്ടെത്താൻ ക്ലൂ മൊബൈൽ ആപ്പ്; ഉദ്ഘാടനം 23ന്

**തിരുവനന്തപുരം:** യാത്ര ചെയ്യുന്നവർ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളികളിലൊന്നായ വൃത്തിയുള്ള ശുചിമുറികളുടെ അഭാവത്തിന് പരിഹാരമാകുന്നു. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 'മാലിന്യമുക്തം നവകേരളം' പദ്ധതിയുടെ ഭാഗമായി ശുചിത്വ മിഷൻ സജ്ജമാക്കിയ ക്ലൂ മൊബൈൽ ആപ്ലിക്കേഷൻ പുറത്തിറങ്ങുന്നു. ഡിസംബർ 23ന് ഉച്ചതിരിഞ്ഞ് 3 മണിക്ക് തിരുവനന്തപുരം മാസ്ക്കറ്റ് ഹോട്ടലിൽ തദ്ദേശ സ്വയംഭരണഎക്സൈസ്പാർലമെന്ററികാര്യ വകുപ്പ് മന്ത്രി എം.ബി. രാജേഷ് ക്ലൂ സംവിധാനത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം നിർവ്വഹിക്കും.






തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള പൊതു ശുചിമുറികൾക്ക് പുറമെ, കേരള ഹോട്ടൽ ആൻഡ് റസ്റ്റോറന്റ് അസോസിയേഷനുമായി സഹകരിച്ച് മികച്ച നിലവാരം പുലർത്തുന്ന സ്വകാര്യ ഹോട്ടലുകളിലെയും റെസ്റ്റോറന്റുകളിലെയും ശുചിമുറികൾ കൂടി ഉൾപ്പെടുത്തിയാണ് ഈ ശൃംഖല വിപുലീകരിച്ചിരിക്കുന്നത്. യാത്രക്കാർക്ക് അവരുടെ ലൊക്കേഷന് തൊട്ടടുത്തുള്ള ശുചിമുറികൾ ഗൂഗിൾ മാപ്പിന്റെ സഹായത്തോടെ എളുപ്പത്തിൽ കണ്ടെത്താൻ സാധിക്കുമെന്നതാണ് ആപ്പിന്റെ പ്രധാന സവിശേഷത. ഓരോ ശുചിമുറി കേന്ദ്രത്തിന്റെയും പ്രവർത്തന സമയം, അവിടത്തെ സൗകര്യങ്ങളായ പാർക്കിംഗ് തുടങ്ങിയവയും ഉപയോക്താക്കളുടെ റേറ്റിംഗുകളും ആപ്പിലൂടെ തത്സമയം അറിയാൻ സാധിക്കും. ഫ്രൂഗൽ സയന്റിഫിക് പ്രൈവറ്റ് ലിമിറ്റഡിന്റെ സാങ്കേതിക സഹകരണത്തോടെയാണ് ആപ്പ് തയ്യാറാക്കിയിരിക്കുന്നത്. സംസ്ഥാനത്തെ പ്രധാന വിനോദസഞ്ചാര പാതകളെയും ദേശീയ പാതകളെയും കേന്ദ്രീകരിച്ചാണ് ആദ്യഘട്ടത്തിൽ ഈ പദ്ധതി നടപ്പിലാക്കുന്നത്. വരും മാസങ്ങളിൽ കൂടുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും സ്വകാര്യ പങ്കാളികളെയും ഉൾപ്പെടുത്തിക്കൊണ്ട് കേരളത്തിലുടനീളം ഈ സേവനം വ്യാപിപ്പിക്കും. സ്ത്രീകൾക്കും കുട്ടികൾക്കും ദീർഘദൂര യാത്രക്കാർക്കും ഒരുപോലെ ആശ്വാസമാകുന്ന ഈ ഡിജിറ്റൽ സംവിധാനം, കേരളത്തെ ഒരു മികച്ച ശുചിത്വ സൗഹൃദ വിനോദസഞ്ചാര കേന്ദ്രമായി ആഗോളതലത്തിൽ ഉയർത്തുന്നതിനും ഈ സംരംഭം വലിയ രീതിയിൽ സഹായിക്കും. വട്ടിയൂർക്കാവ് എം.എൽ.എ. വി.കെ. പ്രശാന്ത് അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ പ്ലാനിംഗ് ബോർഡ് അംഗം ജിജു പി. അലക്സ് മുഖ്യാഥിതി ആയിരിക്കും.ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ,സ്ഥാപന പ്രതിനിധികൾ,ട്രാവൽ ആൻഡ് ടൂറിസം രംഗത്തെ പ്രമുഖർ ചടങ്ങിൽ പങ്കെടുക്കും.

# ചിത്രശാലയായി കൊച്ചിയിലെ തെരുവോരങ്ങൾ



**കൊച്ചി:** കൊച്ചിമുസിരിസ് ബിനാലെയുടെ ആറാം പതിപ്പിനോടനുബന്ധിച്ച് ഫോർട്ട് കൊച്ചിയിലെയും മട്ടാഞ്ചേരിയിലെയും ചുവരുകളിൽ കലാവസന്തമൊരുങ്ങുന്നു. കൊച്ചി ബിനാലെ ഫൗഷേൻ നടപ്പിലാക്കുന്ന 'ഐലൻഡ് മ്യൂറൽ പ്രോജക്റ്റ്' പദ്ധതിയിലൂടെ അടച്ചിട്ട ഗാലറികളിൽ നിന്ന് കലയെ സാധാരണക്കാർക്കിടയിലേക്ക് എത്തിക്കുകയാണ് ലക്ഷ്യം. ഫോർട്ട് കൊച്ചിയിലെയും മട്ടാഞ്ചേരിയിലെയും പ്രധാന തെരുവുകളിലൂടെ നടന്നു പോകുന്ന ഏതൊരാൾക്കും ഇപ്പോൾ ഈ മനോഹരമായ ചുവർചിത്രങ്ങൾ കാസ്വദിക്കാം. കല എന്നത് എല്ലാവർക്കും പ്രാപ്യമാകണമെന്നും അത് ആ പ്രദേശത്തിന്റെ ചരിത്രത്തോടും ജീവിതത്തോടും ചേർന്നുനിൽക്കണമെന്നും കൊച്ചി മുസിരിസ് ബിനാലെ പ്രസിഡന്റ് ബോസ് കൃഷ്ണമാചാരി വ്യക്തമാക്കി.

നമ്മുടെ കഥകളും ജീവിതവുമാണ് സമകാലീനകലാരൂപത്തിൽ ലോകത്തിന് മുന്നിലേക്കെത്തുന്നതെന്ന് അദ്ദേഹം പറഞ്ഞു.ആർട്ടിസ്റ്റ് പൂർണിമ സുകമാർ സ്ഥാപിച്ച അറവാണി ആർട്ട് പ്രോജക്റ്റ്, ട്രെസ്പാസേഴ്സ് , ഓഷീൻ ശിവ, മുനീർ കബാനി തുടങ്ങിയ പ്രശസ്തരായ കലാകാരന്മാരുടെയും കലാസംഘങ്ങളുടെയും ചിത്രങ്ങളാണ് ആദ്യഘട്ടത്തിൽ പൂർത്തിയായിക്കൊിരിക്കുന്നത്. മട്ടാഞ്ചേരി ബസാർ റോഡിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി ചുവരുകളിലാണ് അറവാണി ആർട്ട് പ്രോജക്റ്റിലെ കലാകാരന്മാർ തങ്ങളുടെ ജീവിതകഥകൾ നിറങ്ങളിലൂടെ പറയുന്നത്. ഭിന്നലിംഗ (ട്രാൻസ്ജെൻഡർ) വിഭാഗത്തിൽപ്പെട്ട ചന്ദ്രി, പ്രാർത്ഥന, വർഷ, ജ്യോതി എന്നിവർക്കൊപ്പം നന്ദിനി രാജാരാമനാഥൻ, മുരുഗൻ ഗോപി ചേർന്ന് വരയ്ക്കുന്ന ഈ ചിത്രങ്ങൾ തങ്ങളുടെ പോരാട്ടങ്ങളുടെയും അതിജീവനത്തിന്റെയും അടയാളമാണെന്ന് ഇവർ പറഞ്ഞു.

സമൂഹത്തിൽ നേരിടുന്ന വിവേചനങ്ങളെ കലയിലൂടെ പ്രതിരോധിക്കുകയാണ് ഈ കൂട്ടായ്മ. ഭിന്നലിംഗക്കാരോടുള്ള വൃത്തികെട്ട നോട്ടവും ലൈംഗിതത്തൊഴിലിലേക്ക് നിർബന്ധിക്കുന്ന സാമൂഹിക സാഹചര്യവും ഈ സമൂഹത്തിന് മുന്നിൽ രചനകളിലൂടെ തുറന്നു കാട്ടുകയാണെന്ന് പ്രാർഥന പറഞ്ഞു. ബംഗളൂരു, ചെന്നൈ, കോയമ്പത്തൂർ, ഡൽഹി, മുംബൈ എന്നിവിടങ്ങളിൽ നിന്നുള്ള കലാകാരന്മാരാണ് ഈ കലാദൗത്യത്തിന് പിന്നിലുള്ളത്.മട്ടാഞ്ചേരി ബസാർ റോഡിലെ ക്യൂബ് ആർട്ട് സ്പേസിൽ ട്രെസ്പാസേഴ്സ് എന്ന എട്ടംഗ യുവ കലാകാരന്മാരുടെ കൂട്ടായ്മയാണ് കൂറ്റൻ ചുവർചിത്രങ്ങൾ ഒരുക്കുന്നത്. വിഷ്ണുപ്രിയൻ കെ, അമ്പാടി കണ്ണൻ, ജിനിൽ മണികണ്ഠൻ, ബാഷർ യു.കെ, ശ്രീരാഗ് പി, അർജുൻ ഗോപി, ജതിൻ ഷാജി, പ്രണവ് പ്രഭാകരൻ എന്നിവരാണ് കൂട്ടായ്മയിൽ ഉള്ളത്. കാലടി സംസ്കൃത സർവകലാശാലയിലെ പഠനകാലത്ത് രൂപപ്പെട്ട ഈ സൗഹൃദ സംഘം ചുറ്റുപാടുകളിൽ നിന്നുള്ള കാഴ്ചകളെയും അനുഭവങ്ങളെയും വ്യത്യസ്തമായ രീതിയിൽ ചുവരുകളിലേക്ക് പകർത്തിയിരിക്കുന്നു.ഫോർട്ട് കൊച്ചി ആസ്പിൻവാൾ ഹൗസിന് സമീപമുള്ള പാം ഫൈബർ ചുവരുകളിൽ തമിഴ്നാട്ടിൽ നിന്നുള്ള കലാകാരി ഓഷീൻ ശിവ തന്റെ ചിന്തകൾ വരച്ചുചേർക്കുന്നു.

ജാതിവിവേചനത്തിനെതിരായ ആശയങ്ങളും ലിംഗസമത്വവും പ്രമേയമാക്കുന്ന ഇവരുടെ ചിത്രങ്ങൾ കമ്പ്യൂട്ടർ സ്ക്രീനുകളിൽ മാത്രം ഒതുങ്ങേതല്ലെന്നും അത് ഇത്തരം പൊതുഇടങ്ങളിലൂടെ സാധാരണക്കാരെ നേർക്കാഴ്ചയിലൂടെ സ്വാധീനിക്കണമെന്നും ഇവർ വിശ്വസിക്കുന്നു. ഫോർട്ട് കൊച്ചിയിലെ അർത്ഥശിലയുടെ ചുവരിൽ മുനീർ കബാനി ഒരുക്കിയിരിക്കുന്ന 'സ്നേഹം' (Love) എന്ന വാക്ക് നഗരത്തിന് പോസിറ്റീവ് ഊർജ്ജമാണ് നൽകുന്നത്. മലയാളത്തിലും ഇംഗ്ലീഷിലും സ്നേഹം എന്ന വാക്കിനെ മനോഹരമായ ചിത്രമാക്കി മാറ്റിയതിലൂടെ മനുഷ്യർ തമ്മിലുള്ള ബന്ധത്തിന്റെ ആഴമാണ് അദ്ദേഹം വിവരിക്കുന്നത്. ഫെബ്രുവരിയിൽ കൽക്കത്തയിൽ നിന്നുള്ള കലാകാരൻ പ്രദീപ് ദാസ് മട്ടാഞ്ചേരിയിലെ സിമി വെയർഹൗസ് ചുവരുകളിൽ രചന ആരംഭിക്കുന്നതോടെ പദ്ധതിയുടെ അടുത്ത ഘട്ടം തുടങ്ങും. 2026 മാർച്ച് 31 വരെ മനോഹരമായ ചുവർചിത്രങ്ങൾ പൊതുജനങ്ങൾക്ക് മുന്നിലുണ്ടാകും.

# നിർമിത ബുദ്ധി ഉപയോഗത്തിൽ ജെൻസി മികവുറ്റവർ




**കൊച്ചി:** പുതിയ സാങ്കേതികവിദ്യകൾ രംഗത്തെത്തുമ്പോൾ തൊഴിൽ നഷ്ടമാകുന്നെന്ന് കാലങ്ങളായി മുറവിളി കൂട്ടുന്നുണ്ടെന്നും എന്നാൽ സാധ്യതകളാണ് വർധിക്കുന്നതെന്നും ഫെഡറൽ സീനിയർ വൈസ് പ്രസിഡന്റ് സബീന ഷാജി പറഞ്ഞു. കേരള മാനേജ്മെന്റ് അസോസിയേഷൻ ഇൻസൈറ്റ് എക്സ് സീരിസിൽ ഫ്യൂച്ചർ ഓഫ് വർക്ക്: എഐ, ജെൻസി ആന്റ് വർക്ക്പ്ലേസ് ട്രെൻസ് എന്ന വിഷയത്തിൽ സംസാരിക്കുകയായിരുന്നു അവർ.

ഓരോ തലമുറയും തങ്ങളുടെ അടുത്ത തലമുറ അലസന്മാരാണെന്നാണ് കരുതുന്നത്. എന്നാൽ ജെൻസി തലമുറ വളരെ വേഗത്തിലാണ് നിർമിത ബുദ്ധി കൈകാര്യം ചെയ്യുന്നതെന്നും അവർ പറഞ്ഞു. 43 ശതമാനം ജെൻസികളും തങ്ങളുടെ തൊഴിലിടങ്ങൾ മാറിക്കൊണ്ടിരിക്കുകയാണെന്നും അവർ പറഞ്ഞു. എഐയും സാങ്കേതിക വിദ്യയുമെല്ലാം ജെൻസി വളരെവേഗത്തിൽ കൈകാര്യം ചെയ്യുമെങ്കിലും അതിലൂടെ ലഭിക്കുന്ന വിവരങ്ങൾ പലതും സ്ഥിരീകരിക്കാവുന്നതാണോ എന്ന് വിലയിരുത്തുന്നതിൽ അവർ പരാജയപ്പെടുകയാണെന്നും അവർ പറഞ്ഞു.

കേരള മാനേജ്മെന്റ് അസോസിയേഷൻ സീനിയർ വൈസ് പ്രസിഡന്റ് അൽജിയേഴ്സ് ഖാലിദ് അധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റും പ്രോഗ്രാം കമ്മിറ്റി ചെയറുമായ ദിലീപ് നാരായണൻ, ജോയിന്റ് സെക്രട്ടറി ലേഖ ബാലചന്ദ്രൻ തുടങ്ങിയവർ സംസാരിച്ചു

## നേട്ടവുമായി ഐസിഐസിഐ പ്രു

**തൃശൂർ:** ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് നടപ്പു സാമ്പത്തിക വർഷത്തിന്റെ ആദ്യ പകുതിയിൽ 99.33 ശതമാനമെന്ന മുൻനിര ലൈഫ് ഇൻഷുറൻസ് കമ്പനികൾക്കിടയിലെ ഏറ്റവും ഉയർന്ന സെറ്റിൽമെന്റ് നിരക്ക് കൈവരിച്ചു. അന്വേഷണം ആവശ്യമില്ലാത്ത ക്ലെയിമുകളിൽ ശരാശരി 1.1 ദിവസങ്ങളിലാണ് തീർപ്പുാക്കിയത്. ഈ കാലയളവിൽ കമ്പനി 893.38 കോടി രൂപയുടെ മരണാനന്തര ആനുകൂല്യങ്ങളും തീർപ്പാക്കി. ഓരോ ക്ലെയിമുകളും അതീവ പ്രാധാന്യത്തോടെ കൈകാര്യം ചെയ്യുന്ന തങ്ങൾ ഉയർന്ന നിലയിലുള്ള ഉപഭോക്തൃ അനുഭവങ്ങൾ പ്രദാനം ചെയ്യാനാണ് ശ്രമിക്കുന്നതെന്ന് ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ചീഫ് ഓപ്പറേഷൻസ് ഓഫിസർ അമിഷ് ബാങ്കർ പറഞ്ഞു. ഉപഭോക്താവ് ആദ്യം എന്ന തത്വവുമായുള്ള തങ്ങളുടെ സമീപനം അതിവേഗത്തിൽ ക്ലെയിമുകൾ തീർപ്പാക്കാൻ സഹായിക്കുന്നതായും അദ്ദേഹം ചൂിക്കാട്ടി.

## ഉത്സവകാലത്ത് ശക്തമായ വളർച്ച രേഖപ്പെടുത്തി ഫ്ളിപ്കാർട്ട്

**കൊച്ചി :** 2025 ലെ ഉത്സവകാലത്ത് 'ദി ബിഗ് ബില്യൺ ഡേയ്സ്' വിൽപ്പനയിലൂടെ നേട്ടങ്ങൾ കൈവരിച്ച് ഫ്ളിപ്കാർട്ട്. യൂണിറ്റുകളുടെ കയറ്റുമതിയിൽ കമ്പനി വർഷംതോറുമുള്ള അടിസ്ഥാനത്തിൽ 24 ശതമാനം വളർച്ച രേഖപ്പെടുത്തി. മൊത്തം ഓർഡറുകളുടെ 60 ശതമാനത്തിലധികവും ടിയർ2, ടിയർ3 നഗരങ്ങളിൽ നിന്നാണ് ലഭിച്ചത്. ഉത്സവകാല ആവശ്യങ്ങൾ നിറവേറ്റുന്നതിനായി 28 സംസ്ഥാനങ്ങളിലായി നാല് ലക്ഷത്തിലധികം സീസണൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിച്ചു. പീക്ക് ദിവസങ്ങളിൽ മിനിറ്റിൽ 5,000ലധികം ഷിപ്പ്മെന്റുകൾ കൈകാര്യം ചെയ്ത ലോജിസ്റ്റിക്സ് ശൃംഖല, ഒരുദിവസം 7.3 ദശലക്ഷം ഷിപ്പ്മെന്റുകളാണ് നടത്തിയത്.

## കേരളത്തിൽ പ്രവർത്തനം വിപുലീകരിച്ച് ഇസൂസു മോട്ടോഴ്സ്

**കൊച്ചി:** കേരളത്തിലെ സർവീസ് ശൃംഖല വിപുലീകരിക്കാനൊരുങ്ങി ഇസൂസു മോട്ടോഴ്സ് ഇന്ത്യ. ഇതിന്റെ ഭാഗമായി കായംകുളത്ത് പുതിയ ഔദ്യോഗിക സർവീസ് സെന്ററായ സെഡെന്റെ ഓട്ടോ പാർക്ക് ഉദ്ഘാടനം ചെയ്തു. ഇതോടെ കേരളത്തിലുടനീളം ഇസൂസു മോട്ടോഴ്സ് ഇന്ത്യയുടെ ഔദ്യോഗിക ടച്ച് പോയിന്റുകളുടെ എണ്ണം ഏഴായി. ഉപഭോക്താക്കൾക്ക് കൂടുതൽ വിശ്വസനീയവും മികച്ചതുമായ ആഫ്റ്റർ സെയിൽസ് സർവീസ് ഉറപ്പാക്കുകയാണ് ഇതിലൂടെ കമ്പനി ലക്ഷ്യമിടുന്നതെന്നും ഇസുസു മോട്ടോഴ്സ് ഇന്ത്യയ്ക്ക് കേരളം ഒരു പ്രധാന വിപണിയാണെന്നും ഇസൂസു മോട്ടോഴ്സ് ഇന്ത്യ ഡെപ്യൂട്ടി മാനേജിംഗ് ഡയറക്ടർ ടോറു കിഷിമോട്ടോ പറഞ്ഞു.

## എൻസിവിഇടിയുമായി ഫ്ളിപ്കാർട്ട് പങ്കാളിത്തം

**കൊച്ചി:** ഇന്ത്യയുടെ ഭാവി വികസന സംവിധാനത്തെ ശക്തിപ്പെടുത്തുന്നതിനും കേന്ദ്ര സർക്കാരിന്റെ സ്കിൽ ഇന്ത്യ മിഷൻ പിന്തുണയ്ക്കുന്നതിനുമായി ഫ്ളിപ്കാർട്ട് നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ എഡ്യൂക്കേഷൻ ആൻഡ് ട്രെയിനിംഗ് (എൻസിവിഇടി)യുമായി കരാറിൽ ഒപ്പുവച്ചു. ന്യൂഡൽഹിയിലെ കൗശൽ ഭവനിൽ നടന്ന ചടങ്ങിൽ സ്കിൽ ഡെവലപ്മെന്റ് ആൻഡ് എന്റർപ്രണർഷിപ്പ് മന്ത്രാലയത്തിലെ മുതിർന്ന ഉദ്യോഗസ്ഥരും എൻസിവിഇടി പ്രതിനിധികളും പങ്കെടുത്തു. ഈ പങ്കാളിത്തത്തിലൂടെ ഇന്ത്യയിലെ ഇ-കൊമേഴ്സ് മേഖലയിലെ ആദ്യ സ്ഥാപനമായി എൻസിവിഇടി അംഗീകൃത അവാർഡിങ് ബോഡി ആകുക എന്ന ലക്ഷ്യമാണ് ഫ്ളിപ്കാർട്ട് മുന്നോട്ടു വയ്ക്കുന്നത്. എൻ.എസ്.ക്യു.എഫ്മാനദണ്ഡങ്ങൾ പാലിച്ചുള്ള വ്യവസായ അധിഷ്ഠിത പരിശീലനവും സർട്ടിഫിക്കേഷനും വഴി തൊഴിൽയോഗ്യത വർധിപ്പിക്കാനും, പ്രത്യേകിച്ച് പിന്നാക്ക വിഭാഗങ്ങളിലെ യുവാക്കൾക്ക് അവസരങ്ങൾ സൃഷ്ടിക്കാനും ഈ സംരംഭം സഹായിക്കും.

## റസിഡൻഷ്യൽ ക്യാമ്പ്

**കൊച്ചി:** നാട്യശാസ്ത്രത്തെ അടിസ്ഥാനമാക്കി മൂന്ന് ദിവസത്തെ റസിഡൻഷ്യൽ ക്യാമ്പ്. രസസംവാദം 2026 എന്ന് പേരിട്ടിരിക്കുന്ന പഠനകളരി ജനുവരി നാല് മുതൽ ആറ് വരെ എറണാകുളം വെളിയനാട് ആദിശങ്കര നിലയത്തിൽ നടക്കും. നാട്യശാസ്ത്രത്തെക്കുറിച്ച് വിശദമായി ചർച്ച ചെയ്യുന്ന പഠന ക്ലാസുകൾ അനുഭസമ്പന്നരായ ഗുരുക്കന്മാർ നയിക്കും. നൃത്തം, സംഗീതം, ചിത്രരചന, സിനിമ എന്നിങ്ങനെ വ്യത്യസ്ത മേഖലകളിലൂടെ പഠനം നടത്തും. ഓരോ രസത്തിന്റെയും സൗന്ദര്യാത്മകതയും മനഃശാസ്ത്രപരമായ മാനങ്ങളും മനുഷ്യന്റെ ആവിഷ്കാരത്തിലും ആന്തരിക വളർച്ചയിലും എങ്ങിനെ പ്രയോജനപ്പെടുന്നു എന്നത് സംബന്ധിച്ച വിശദമായ ചർച്ചകൾക്ക് ക്യാമ്പ് വേദിയാകും. ചിന്മയ ഇന്റർനാഷണൽ ഫൗഷേൻ അക്കാദമിക് ഡയറക്ടർ പ്രൊഫ. ഗൗരി മഹുലിക്കർ, ഡാൻസിങ് ടെയിൽസിന്റെ സ്ഥാപകയും നാട്യശാസ്ത്ര അധിഷ്ഠിത അധ്യാപനശാസ്ത്ര പരിശീലകയുമായ ഡോ. ഉപാസന ടെൻഡുൽക്കർ എന്നിവർ പരിപാടിക്ക് നേതൃത്വം നൽകും.

# ക്രിസ്മസ് ആഘോഷങ്ങൾക്കൊരുങ്ങി ദുബായ്



**കൊച്ചി:** ക്രിസ്മസ് അവധിക്കാലത്തെ വരവേൽക്കാനൊരുങ്ങി ദുബായ് നഗരം. നഗരത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങളും ബീച്ചുകളും ഹോട്ടലുകളും ക്രിസ്മസിനെ വരവേൽക്കാനായി ഒരുങ്ങിയിരിക്കുകയാണ്. സെന്റ് റെജിസ് ഡൗൺ ദുബായ്, റോയൽ മൻസൂർ മാരാകേഷ് ലാ ഗ്യാസ്ട്രോണമി, സീൽ ദുബായ് മറീന, പലാസോ വെർസേസ് ദുബായ്, അർമാനി ഹോട്ടൽ ദുബായ്, റിക്സോസ് പ്രീമിയം സാദിയാത്ത് ദ്വീപ് തുടങ്ങിയ ഹോട്ടലുകൾ മികച്ച ഓഫറുകളാണ് വിനോദസഞ്ചാരികൾക്കായി ഒരുക്കിയിരിക്കുന്നത്.

ഈ മാസം 30 വരെ എല്ലാദിവസവും ഉച്ചയ്ക്ക് 12:30 മുതൽ പുലർച്ചെ 12 മണി വരെ ദുബായ് വാട്ടർ കനാലിലൂടെയുള്ള യാത്രയിൽ രുചികരമായ പാസ്തകൾ, മാംസ വിഭവങ്ങൾ, ഉത്സവ സ്പെഷ്യലുകൾ പോലുള്ള ഇറ്റാലിയൻ വിഭവങ്ങൾ വിളമ്പുന്നു. കുടുംബമായി ബാസ്റ്റയിലും ജിനോറി ടെറസിലും ക്രിസ്മസ് ബ്രഞ്ച് ലഭിക്കും. ഇറ്റാലിയൻ ക്ലാസിക്കുകൾ, വിനോദം, സാന്ത, കനാൽ കാഴ്ചകൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. ഡിസംബർ 24ന് വൈകിട്ട് ഏഴിന് ക്രിസ്മസ് ദിന അത്താഴം, ഡിസംബർ 25ന് 1.30 മുതൽ 4.30 വരെ ക്രിസ്മസ് ബ്രഞ്ച് എന്നിവ ലഭിക്കും.

ഡിസംബർ അവസാനം മുതൽ, റോയൽ മൻസൂർ മാരാകേഷിന്റെ റെസ്റ്റോറന്റുകൾ സീസണൽ രുചികൾ പ്രദർശിപ്പിക്കുന്ന ഉത്സവ മെനുകൾ ലഭിക്കും. ലാ ഗ്രാൻഡെ ടേബിൾ മരോകെയ്ൻ, ലാ ഗ്രാൻഡെ ബ്രാസറിയിൽ ഫ്രഞ്ച് ക്ലാസിക്കുകൾ ആസ്വദിക്കാനുള്ള അവസരം എന്നിവയുമുണ്ട്.

# നിയമസഹായം ഇനി വിരൽത്തുമ്പിൽ; ലെജിറ്റ് എഐ മൊബൈൽ ആപ്പ് പുറത്തിറക്കി

**കൊച്ചി:** സാധാരണക്കാർക്ക് നിയമസഹായം എളുപ്പത്തിൽ ലഭ്യമാക്കാൻ ലക്ഷ്യമിട്ട് തിരുവനന്തപുരം ആസ്ഥാനമായ ലീഗൽ ടെക് സ്റ്റാർട്ടപ്പ് ലെജിറ്റ് എഐ സോഫ്റ്റ് വെയർ പുതിയ മൊബൈൽ ആപ്പ് ലെജിറ്റ് എഐ (Lejit AI) പുറത്തിറക്കി.

സങ്കീർണ്ണമായ നിയമ നടപടികളെ ലളിതമാക്കാൻ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI) സാങ്കേതികവിദ്യയാണ് ഈ പ്ലാറ്റ്ഫോം ഉപയോഗിക്കുന്നത്. നിയമസംവിധാനങ്ങളെയും സാധാരണക്കാരെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു പാലമായി പ്രവർത്തിച്ചുകൊണ്ട് നിയമപരമായ അറിവില്ലായ്മ പരിഹരിക്കുകയാണ് ആപ്പിന്റെ ലക്ഷ്യമെന്ന് ലെജിറ്റ് എഐ സോഫ്റ്റ് വെയർ ഡയറക്ടർ ബരുൺ ചന്ദ്രൻ പറഞ്ഞു.

നിയമപരമായ പ്രശ്നങ്ങളിൽ വ്യക്തമായ മാർഗനിർദേശം നൽകുന്നതിനൊപ്പം സത്യവാങ്മൂലമുൾപ്പെടെയുള്ള രേഖകൾ എളുപ്പത്തിൽ തയ്യാറാക്കാനും ഈ ആപ്പിലൂടെ സാധിക്കും. ഒരു അഭിഭാഷകനെ സമീപിക്കുന്നതിനു മുൻപ് തന്നെ സ്വന്തം കേസിനെക്കുറിച്ച് വ്യക്തമായ ധാരണയും ആത്മവിശ്വാസവും കൈവരിക്കാൻ ഇത് ഉപയോക്താക്കളെ സഹായിക്കുമെന്ന് ലെജിറ്റ് ലീഗൽ കൗൺസൽ അഡ്വ. വികാന്ത് കമലാകാന്തൻ പറഞ്ഞു.

അഭിഭാഷകർക്ക് അവരുടെ ദൈനംദിന പ്രവർത്തനങ്ങൾ എളുപ്പമാക്കുന്നതിനുള്ള സൗകര്യങ്ങളും പ്രത്യേക സംവിധാനങ്ങളും ആപ്പിലുണ്ട്. മൊബൈൽ ആപ്പിലൂടെയും വെബ് പ്ലാറ്റ്ഫോമിലൂടെയും സേവനങ്ങൾ ലഭ്യമാണ്. സംരംഭത്തിന്റെ വിപുലീകരണത്തിനായി ഒരു കോടി രൂപയുടെ ഏയ്ഞ്ചൽ ഫിംഗ് ലഭിച്ചെന്ന് ബരുൺ ചന്ദ്രൻ വ്യക്തമാക്കി. വരും ഘട്ടങ്ങളിൽ പ്രവാസികളെ കൂടി ലക്ഷ്യമിട്ട് ആപ്പിന്റെ സേവനങ്ങൾ അന്താരാഷ്ട്ര തലത്തിലേക്ക് വ്യാപിപ്പിക്കാനും കമ്പനി പദ്ധതിയിടുന്നു. കൂടുതൽ വിവരങ്ങൾക്ക് www.lejit.ai




# ആൽഫ ഹോസ്പീസ്: വെബ്സൈറ്റ് ലോഞ്ച് ചെയ്തു



**തൃശൂർ:** പാലിയേറ്റീവ് പരിചരണരംഗത്തെ വെല്ലുവിളികൾക്കു പരിഹാരമായി ആൽഫ പാലിയേറ്റീവ് കെയർ തൃശൂർ എടമുട്ടത്തു നിർമിച്ചുകൊണ്ടിരിക്കുന്ന ആൽഫ ഹോസ്പീസിന്റെ ബ്രിക് സ്പോൺസർഷിപ്പിനായുള്ള വെബ്സൈറ്റിന്റെ ലോഞ്ചിംഗ് മണപ്പുറം ഫിനാൻസ് എം.ഡിയും ആൽഫയുടെ ചീഫ് പാട്രണുമായ വി.പി. നന്ദകുമാർ ഉദ്ഘാടനം ചെയ്തു.

തൃശൂർ ഹയാത്ത് റീജൻസിയിൽ ആൽഫ പാലിയേറ്റീവ് കെയർ ചെയർമാൻ കെ.എം. നൂർദീന്റെ അധ്യക്ഷതയിൽ നടന്ന പരിപാടിയിൽ കല്യാൺ സിൽക്സ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ടി.എസ്. പട്ടാഭിരാമൻ മുഖ്യപ്രഭാഷണം നടത്തി. വാൾ ഓഫ് ഹോപ് എന്നു പേരിട്ടിരിക്കുന്ന ബ്രിക് സ്പോൺസർഷിപ്പ് കാമ്പയിനിലൂടെ ഓരോ ബ്രിക്കും സ്പോൺസർഷിപ്പിലൂടെ സമൂഹത്തിൽനിന്നു നേടുകയെന്നതാണ് ലക്ഷ്യം. ജീവിതാന്ത്യ പരിചരണം, പാലിയേറ്റീവ് ഫിസിയോതെറാപ്പി, ഡയാലിസിസ്, കെയർ ഹോം തുടങ്ങിയവ സമന്വയിപ്പിക്കുകയും 150 പേർക്ക് ഒരേ സമയം കിടത്തി ചികിത്സ നൽകാൻ കഴിയുംവിധവുമാണ് ആൽഫ ഹോസ്പീസ് നിർമിക്കുന്നത്. അന്ത്യകാലം ഐ.സി.യുകളിൽ കഴിയുന്നതിനു പകരം കുടുംബാംഗങ്ങൾക്കൊപ്പം ചെലവഴിക്കാനാകുംവിധം സജ്ജീകരിക്കുന്നവയാണ് ആൽഫ ഹോസ്പീസിലെ ഹൈ ഡിപ്പന്റൻസി യൂണിറ്റുകളെന്ന് ആൽഫ ചെയർമാൻ കെ.എം. നൂർദീൻ പറഞ്ഞു.

ലോകത്തിനു മാതൃകയാകുന്ന ഈ കേന്ദ്രം 2026 ഓഗസ്റ്റോടെ പൂർത്തിയാക്കും. ഇംഗ്ലണ്ടിലെ നാഷണൽ ഹെൽത്ത് സർവീസ് ക്ലിനിക്കൽ ഡയറക്ടർ ഡോ. ഗീത മേനോൻ, ആൽഫ ട്രസ്റ്റി രവി കണ്ണമ്പിള്ളിൽ, യു.എസ്.ടി.ഗ്ലോബൽ ചീഫ് വാല്യൂസ് ഓഫീസർ സുനിൽ ബാലകൃഷ്ണൻ, ഡോ. സണ്ണീസ് ഹെൽത്ത്കെയർ സി.എം.ഡിയും ആൽഫ ട്രസ്റ്റിയുമായ ഡോ. സണ്ണി കുര്യൻ, ദുബായിലെ ഡോ. സിറാജുദ്ദീൻ മെഡിക്കൽ സെന്റർ സി.എം.ഡി. ഡോ. സിറാജുദ്ദീൻ തുടങ്ങിയവർ വിവിധ വിഷയങ്ങളിൽ പ്രഭാഷണങ്ങൾ നടത്തി.

സുധാകരൻ പോളശേരി, വി.എസ്. സുഗുണൻ, ജോർജ് ഡി. ദാസ്, രാംമോഹൻ പാലിയത്ത്, റഷീദ് ആതിര തുടങ്ങിയവർ ചർച്ചകളിൽ പങ്കെടുത്തു സംസാരിച്ചു. ആൽഫ ഓവർസീസ് കൗൺസിൽ പ്രസിഡന്റ് ഗിരീഷ് മേനോൻ സ്വാഗതവും ആൽഫ കമ്യൂണിറ്റി ഡയറക്ടർ സുരേഷ് ശ്രീധരൻ നന്ദിയും പറഞ്ഞു.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com